# MAHATMA GANDHI UNIVERSITY

**PRIYADARSHINI HILLS, KOTTAYAM - 686 560**

# CHOICE BASED COURSE CREDIT SEMESTER SYSTEM AND GRADING

MODEL QUESTION PAPER
FOR SEMESTER II

## UNDER GRADUATE COURSES

## IN

## MALAYALAM

## 2009

## Model Question Paper
## C.B.C.S.S. - B.A. (Model I & II) Degree Examination - April 2010
## SECOND SEMESTER
## Malayalam Language & Literature
## Core Course ML2 B01U
## ചെറുശ്ശേരി മുതൽ കവിത്രയം വരെ

**Time : 3 hrs.** **Max. Weight : 25**

നിർദ്ദേശങ്ങൾ :

1. എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. നാല് ഒബ്ജക്ടീവ് ചോദ്യങ്ങളടങ്ങിയ നാലു ഖണ്ഡങ്ങളാണ് **എ** വിഭാഗത്തിലുള്ളത്. (4x4=16 ചോദ്യങ്ങൾ ഓരോ ഖണ്ഡത്തിലെയും നാലുത്തരങ്ങളും ശരിയാണെങ്കിൽ **എ** ഗ്രേഡും **മൂന്ന്, രണ്ട്, ഒന്ന്** എന്നിങ്ങനെ ശരിയുത്തരങ്ങൾക്കനുസരിച്ച് യഥാക്രമം **ബി, സി, ഡി** ഗ്രേഡുകളും ലഭിക്കും. ഉത്തരമൊന്നും ശരിയല്ലെങ്കിൽ ഇ ഗ്രേഡ് ലഭിക്കും. **ബി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **5** ചോദ്യങ്ങൾക്കുത്തരമെഴുതണം. **സി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **4** ചോദ്യങ്ങൾക്കുത്തരമെഴുതണം. **ഡി** വിഭാഗത്തിൽ നിന്ന് **2** ചോദ്യങ്ങൾക്കുത്തരമെഴുതണം)

### എ വിഭാഗം

**ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.**

1. കൃഷ്ണഗാഥയിൽ പ്രയുക്തമായ പ്രധാന വൃത്തം.
   (ക) തരംഗിണി (ഖ) മഞ്ജരി
   (ഗ) കാകളി (ഘ) കേക
2. കൃഷ്ണഗാഥാകാരൻ രചിച്ചു എന്നു കരുതുന്ന മറ്റൊരു കൃതി :
   (ക) ഭാരത ഗാഥ (ഖ) ഭാഗവതം ഗാഥ
   (ഗ) രാമായണം ഗാഥ (ഘ) ഉണ്ണിയാടി ചരിത്രം
3. സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന ഗ്രന്ഥത്തിൽ 'കിളിപ്പാട്ട്' എന്ന ഖണ്ഡം രചിച്ചത്.
   (ക) കെ. എം. ജോർജ്ജ് (ഖ) ഡി. പി. ഉണ്ണി
   (ഗ) സി. എൽ. ആന്റണി (ഘ) കെ. എൻ. എഴുത്തച്ഛൻ
4. ചതുരന്ത്യം എന്ന കൃതി എഴുതിയത്:
   (ക) അർണ്ണോസു പാതിരി (ഖ) ഡോ. ഗുണ്ടർട്ട്
   (ഗ) കരിയാറ്റിൽ ഔസേപ്പ് മല്പാൻ (ഘ) ആർച്ച് ഡീക്കൻ കോശി

**ഒറ്റ വാക്കിൽ ഉത്തരമെഴുതുക.**

5. 'അമ്പത്തൊന്നക്ഷരാളി' എന്നു തുടങ്ങുന്ന ചമ്പൂകാവ്യം:
6. 'കുമാരഹരണം പാന'യുടെ പ്രസിദ്ധമായ മറ്റൊരു പേര്:
7. കുചേലവൃത്തം വഞ്ചിപ്പാട്ടിൽ സംസ്തുത്യതനായ തുരുവിതാംകൂർ മഹാരാജാവ്:
8. കദംബൻ നമ്പൂതിരിപ്പാടിന്റെ പ്രസിദ്ധമായ പേര്:

**ചേരുംപടി ചേർക്കുക.**

9. കുഞ്ഞിക്കുട്ടൻ തമ്പുരാൻ – കരുണ
10. ഉള്ളൂർ – അച്ഛനും മകളും
11. വള്ളത്തോൾ – താരഹാരം
12. കുമാരനാശാൻ – മഹാഭാരത പരിഭാഷ

**വിട്ടുപോയഭാഗം പൂരിപ്പിക്കുക.**

13. ചിത്തേ ബന്ധിച്ച ........................... തവനൃപ നീതിക്കു തെറ്റില്ല, പക്ഷേ

14. വിത്തത്തിലാശ പറ്റുക ഹേതുവായ്
................ ത്യജിക്കുന്നു ചിലരഹോ!

15. ജീർണ്ണവസ്ത്രം കളഞ്ഞമ്പോടു മനുഷ്യർ
പൂർണ്ണശോഭം ................ ധരിച്ചിടും

16. അതിചിന്തവഹിച്ചു ................ പോയ്
സ്ഥിതി ചെയ്താളുടജാന്തവാടിയിൽ

**1 x 4 = 4**

**ബി വിഭാഗം**

**ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരു ഖണ്ഡികയിൽ (അൻപത് വാക്ക്) ഉത്തരമെഴുതുക.**

17. "നിത്യമല്ലിക്കണ്ടതൊന്നുമറികനീ
നിത്യമാകുന്നതെന്തെന്നു ചൊല്ലാമഹം" - നിത്യമാകുന്നതെന്ത്?

18. "സർവ്വനന്മക്കടലോന്റെ സർവ്വപങ്കപ്പാടുകണ്ട്
സർവ്വദുഃഖം നിറഞ്ഞമ്മ പുത്രനെ നോക്കി" - സന്ദർഭം വ്യക്തമാക്കുക.

19. "ലങ്കാധീശൻ തദാനീം പലപരിചു
നിരൂപിച്ചു" - നിരൂപിച്ചതെന്ത്?

20. അറബി മലയാളത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.

21. "പരമൻനാഥനദ്ഭുത-
നിരയെ കണ്ടുഞാനതിൽ" - കാരണം വ്യക്തമാക്കുക.

22. "വിളക്കുകൈവശമുള്ളവനെങ്ങും വിശ്വം ദീപമയം
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം" - വ്യാഖ്യാനിക്കുക.

23. "താനോരോന്നിവയോർത്തു
കൊണ്ടു ഞെളിയേണ്ടെൻ ചിത്തമേ" - ഓർക്കുന്നതെന്തെല്ലാം?

24. "ബ്രാഹ്മണ്ഡമൊട്ടുക്കൊരു ഞെട്ടൽ ഞെട്ടി" - വ്യാഖ്യാനിക്കുക.

**1 x 5 = 5**

**സി വിഭാഗം**

**ഒരു പുറത്തിൽ (നൂറ് വാക്ക്) നാലെണ്ണത്തിന് ഉത്തരമെഴുതുക.**

25. ചെറുശ്ശേരിയുടെ വർണ്ണനാവൈഭവം പാഠ്യഭാഗത്തെ അടിസ്ഥാനമാക്കി വെളിപ്പെടുത്തുക.

26. "അർത്ഥമെത്ര വളരെയുണ്ടായാലും
തൃപ്തിയാകാമനസ്സിന്നൊരുകാലം"
ഇവിടെ പ്രകടമാകുന്ന മൂല്യബോധം വ്യക്തമാക്കുക.

27. കീർത്തനപ്രസ്ഥാനത്തിന്റെ മുഖ്യപ്രവണതകൾ വിവരിക്കുക?

28. മഹാകാവ്യമെന്ന നിലയിൽ ശ്രീയേശുവിജയത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

29. "എന്തുകൊണ്ടു ശൗരി കണ്ണുനീരണിഞ്ഞു
ധീരനായ ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളൂ" - സാരസ്യം വ്യക്തമാക്കുക.

30. "സ്കന്ദൻ തദാ പുഞ്ചിരിയിട്ടു, നന്ദി
കൺചിമ്മി, വീശി ഗദ വീരഭദ്രൻ
വീർപ്പൊന്നുവിട്ടൂ രുരു, കൈ തിരുമ്മീ
കുണ്ഡോദരൻ, നാവു കടിച്ചു ചണ്ഡൻ" - വ്യാഖ്യാനിക്കുക?

**2 x 4 = 8**

## ഡി വിഭാഗം

**ഏതെങ്കിലും രണ്ടെണ്ണത്തിന് നാലുപുറത്തിൽ (നാനൂറ് വാക്ക്) ഉത്തരമെഴുതുക**

31. കാവ്യഭാഷയിലും സാഹിത്യ സ്വരൂപത്തിലും വരുത്തിയ പരിവർത്തനത്തെക്കാൾ സംസ്കാരത്തിന്റെ മാറ്റത്തിലാണ് എഴുത്തച്ഛന്റെ സർഗ്ഗശക്തി വ്യാപരിച്ചത്– അപഗ്രഥിക്കുക.
32. മലയാളകവിതയുടെ ഭാവരൂപങ്ങളിൽ വമ്പിച്ച പരിവർത്തനമാണ് കവിത്രയകാലത്ത് സംഭവിച്ചത് – ആ മാറ്റത്തിന്റെ സ്വഭാവം നിർണ്ണയിക്കുക.
33. ലഘുവായ കാവ്യം കൊണ്ട് അലഘുവായ പ്രശസ്തി സമ്പാദിച്ച മധ്യകാല കവികളാണ് പൂന്താനവും രാമപുരത്ത് വാര്യരും – സമർത്ഥിക്കുക.

**4 x 2 = 8**

**Model Question Paper**

**C.B.C.S.S. - B.A. (Model I ) Degree Examination - April 2010**

**SECOND SEMESTER**

**Malayalam Language & Literature**

**Complimentary Course - 01**

# ലോകകാവ്യമാതൃകകൾ

(ML2C01U)

**Time : 3 hrs.** **Max. Weight : 25**

നിർദ്ദേശങ്ങൾ :

1. എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. നാല് ഒബ്ജക്ടീവ് ചോദ്യങ്ങളടങ്ങിയ നാലു ഖണ്ഡങ്ങളാണ് **എ** വിഭാഗത്തിലുള്ളത്. (4x4=16 ചോദ്യങ്ങൾ ഓരോ ഖണ്ഡത്തിലെയും നാലുത്തരങ്ങളും ശരിയാണെങ്കിൽ **എ** ഗ്രേഡും **മൂന്ന്, രണ്ട്, ഒന്ന്** എന്നിങ്ങനെ ശരിയുത്തരങ്ങൾക്കനുസരിച്ച് യഥാക്രമം **ബി, സി, ഡി** ഗ്രേഡുകളും ലഭിക്കും. ഉത്തരമൊന്നും ശരിയല്ലെങ്കിൽ ഇ ഗ്രേഡ് ലഭിക്കും. **ബി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **5** ചോദ്യങ്ങൾക്കുത്തരമെഴുതണം. **സി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **4** ചോദ്യങ്ങൾക്കുത്തരമെഴുതണം. **ഡി** വിഭാഗത്തിൽ നിന്ന് **2** ചോദ്യങ്ങൾക്കുത്തരമെഴുതണം)

## എ വിഭാഗം

**ബ്രാക്കറ്റിൽ നിന്ന് ഉത്തരമെഴുതുക**

1. 'പൊടിമണ്ണ്' ആരുടെ കവിതയാണ്?
(സീതാകാന്ത് മഹാപത്ര, സർവ്വേശ്വർദയാൽ സക്സേന, മഹാദേവവർമ്മ)
2. ഗ്രനഡയിൽ വച്ചുകൊല്ലപ്പെട്ട സ്പാനിഷ് കവി.
(നെരുദ, അയമേസെസയർ, ലോർക്ക)
3. ഒരു സംഘകാല കവയിത്രി
(കാക്കൈപാട്നിയാർ, ശിലാഭദ്രിക, കണ്ണനാർ)
4. ഗിൽഗമേഷ് കാവ്യം രചിച്ചിരിക്കുന്നത് ഏതു ഭാഷയിൽ?
(ചൈനീസ്, പേർഷ്യൻ, അക്കാഡിയൻ)

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.**

5. ഡിവൈൻ കോമഡി രചിച്ചതാര്?
6. ബെൻജാർ ആരുടെ കൃതിയാണ്?
7. ഇന്ത്യയിൽനിന്ന് സാഹിത്യത്തിന് നോബൽ സമ്മാനം ആദ്യമായി നേടിയതാര്?
8. ക്രിസ്തുവിന് 630 വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന ഗ്രീക്കു കവയിത്രിയുടെ പേരെഴുതുക.

**ചേരുംപടി ചേർക്കുക**

9. റുബായിയത്ത് - കന്നഡ
10. ചിലപ്പതികാരം - സംസ്കൃതം
11. വചനകവിത - പേർഷ്യൻ
12. ഋഗ്വേദം - തമിഴ്

**പൂരിപ്പിക്കുക.**

13. കാന്റോജനറൽ കാവ്യം.................. രചിച്ചതാണ്.
14. 'റുബായി' എന്ന പദത്തിന്റെ അർത്ഥം .................... എന്നാണ്.
15. നൂറ്റാണ്ടുകളായി യൂറോപ്പ് ഞങ്ങളിൽ ............... നിറച്ചു.

16. ..................... ദീപ്തി ഉടുത്തു നാണമേ നഷ്ടപ്പെട്ട
ഒരാൾക്ക് ഉടുപ്പും അലങ്കാരവും വേണമോ മൂഢാ!

**1 x 4 = 4**

## ബി വിഭാഗം

**അമ്പതുവാക്കിൽ കുറയാതെ ഏതെങ്കിലും അഞ്ചെണ്ണത്തിന് കുറിപ്പെഴുതുക.**

17. ഋഗ്വേദം
18. വചനകവിത
19. ഹൈക്കു
20. അകം കവിത
21. റുബായിയാത്ത്
22. ഗീതാഞ്ജലി
23. ഡിവൈൻ കോമഡി
24. ഇംഗ്ലീഷ് കാല്പനികകവിതയും മലയാളകാല്പനിക കവിതയും

**1x 5 = 5**

## സി വിഭാഗം

**ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് നൂറുവാക്കിൽ ഉത്തരമെഴുതുക.**

25. പാലസ്തീൻ ദേശസ്വത്വം മുഹമ്മദ് ദർവീഷിന്റെ കവിതയുടെ ജീവശ്വാസമാണ്. വിലയിരുത്തുക.
26. നെഗ്രീറ്റ്യൂഡ് എന്നാൽ എന്താണ്?
27. തമിഴ് പുതുക്കവിതയുടെ പ്രത്യേകതകൾ എഴുതുക.
28. റ്റി. എസ്. എലിയട്ടിന്റെ 'വേസ്റ്റ് ലാൻഡ്' ആധുനിക മലയാള കവിതയിൽ സൃഷ്ടിച്ച സ്വാധീനതയുടെ സ്വഭാവം പഠിക്കുക.
29. ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യത്തിൽ കമലാദാസിന്റെ സംഭാവനകൾ എഴുതുക.
30. റുബ്ബായിയാത്തിന്റെ മലയാള വിവർത്തനങ്ങളെ താരതമ്യപ്പെടുത്തുക.

**2 x 4 = 8**

## ഡി വിഭാഗം

**ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് നാനൂറുവാക്കിൽ ഉത്തരമെഴുതുക.**

31. കാളിദാസകൃതികൾ, സംസ്കൃതമഹാകാവ്യങ്ങൾ എന്നിവയുടെ വിവർത്തനങ്ങൾ മലയാളസാഹിത്യത്തിന്റെ വളർച്ചയിൽ എന്തെങ്കിലും പങ്കുവഹിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുക.
32. ലോകകവിതയുടെ സ്വാധീനം മലയാളകവിതയിലെ ആധുനികതയെ നിർണ്ണയിച്ച വലിയ ഊർജ്ജസ്രോതസ്സായിരുന്നു. പഠിക്കാനുള്ള കാവ്യമാതൃകകളെ ഉപയോഗിച്ച് വിലയിരുത്തുക.
33. മീരാബായി, അക്കമഹാദേവി, ഔവ്വയാർ തുടങ്ങിയ കവയിത്രികളുടെ രചനകളിൽ ഭക്തിയെന്ന പൊതുധാര പ്രവർത്തിക്കുന്നതിന്റെ രാഷ്ട്രീയം കണ്ടെത്തുക.

**4 x 2 = 8**

**Model Question Paper**
**C.B.C.S.S. - B.A. (Model I ) Degree Examination - April 2010**
**SECOND SEMESTER**
**Malayalam Language & Literature**
**Complimentary Course - 2**
**ML 2 C 02U**

## മലയാള പഠനത്തിന്റെ രീതി ശാസ്ത്രം

**Time : 3 hrs.** **Max. Weight : 25**

നിർദ്ദേശങ്ങൾ :

1. എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. നാല് ഒബ്ജക്ടീവ് ചോദ്യങ്ങളടങ്ങിയ നാലു ഖണ്ഡങ്ങളാണ് **എ** വിഭാഗത്തിലുള്ളത്. (4x4=16 ചോദ്യങ്ങൾ ഓരോ ഖണ്ഡത്തിലെയും നാലുത്തരങ്ങളും ശരിയാണെങ്കിൽ **എ** ഗ്രേഡും **മൂന്ന്, രണ്ട്, ഒന്ന്** എന്നിങ്ങനെ ശരിയുത്തരങ്ങൾക്കനുസരിച്ച് യഥാക്രമം **ബി, സി, ഡി** ഗ്രേഡുകളും ലഭിക്കും. ഉത്തരമൊന്നും ശരിയല്ലെങ്കിൽ ഇ ഗ്രേഡ് ലഭിക്കും. **ബി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **5** ചോദ്യങ്ങൾക്കുത്തരമെഴുതണം. **സി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **4** ചോദ്യങ്ങൾക്കുത്തരമെഴുതണം. **ഡി** വിഭാഗത്തിൽ നിന്ന് **2** ചോദ്യങ്ങൾക്കുത്തരമെഴുതണം)

### എ വിഭാഗം

**ഒരു വാക്കിൽ / വാകൃത്തിൽ ഉത്തരമെഴുതുക.**

1. കേരള പാണിനീയത്തിനു ശേഷമുണ്ടായ ഒരു വ്യാകരണകൃതി.
2. എൻ. കൃഷ്ണപിള്ള എഴുതിയ സാഹിത്യചരിത്രഗ്രന്ഥമേത്?
3. കേരള സംസ്കാര ചരിത്രനിഘണ്ടു എഴുതിയതാര്?
4. ഗുണ്ടർട്ട് രചിച്ച വ്യാകരണ ഗ്രന്ഥം ഏത്?
5. കേരള ഭാഷാ വിജ്ഞാനീയത്തിന്റെ കർത്താവ് ആര്?
6. മലയാള ശൈലി എഴുതിയതാര്?
7. പ്രാചീന തമിഴ് വ്യാകരണഗ്രന്ഥം ഏത്?
8. മണിപ്രവാള ലക്ഷണ ഗ്രന്ഥമേത്?

**ചേരുംപടി ചേർക്കുക.**

9. പാശ്ചാത്യ സാഹിത്യദർശനം - സി. എൽ. ആന്റണി
10. കേരള സാഹിത്യചരിത്രം - എൻ. ആർ. ഗോപിനാഥപിള്ള
11. ഭാഷാ പഠനങ്ങൾ - എം. അച്യുതൻ
12. ഗുണ്ടർട്ടും മലയാള വ്യകരണവും - ഉള്ളൂർ

**പൂരിപ്പിക്കുക**

13. .............. കേരള പാണിനി എന്ന അപരനാമത്തിൽ അറിയപ്പെടുന്നു.
14. ഭാഷാഭൂഷണം ........................ വിഭാഗത്തിൽ ഉൾപ്പെടുന്ന കൃതിയാണ്.
15. സാഹിത്യലോകം ....................... എന്ന സ്ഥാപനത്തിന്റെ പ്രസിദ്ധീകരണമാണ്.
16. ശബ്ദതാരാവലിയുടെ കർത്താവാണ് ............................

**1 x 4 = 4**

### ബി വിഭാഗം

**അരപ്പേജിൽ (അമ്പതുവാക്ക്) അഞ്ചുചോദ്യത്തിന് ഉത്തരമെഴുതുക.**

17. സഹിത്യം എന്തിന്?
18. ഭാഷാപഠനത്തിന്റെ നാനാവഴികൾ സംഗ്രഹിക്കുക.
19. മലയാളത്തിലെ വിജ്ഞാന കോശങ്ങളെക്കുറിച്ച് ഒരു കുറിപ്പെഴുതുക.
20. നിയോക്ലാസ്സിസത്തിന്റെ സ്വഭാവം എന്ത്?

21. സർറിയലിസത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.
22. മലയാളത്തിലെ ഏതെങ്കിലും ഒരു ഗവേഷണ പ്രസിദ്ധീകരണം പരിചയപ്പെടുത്തുക.
23. ചിഹ്നവിജ്ഞാനീയം സാഹിത്യത്തിൽ - കുറിപ്പെഴുതുക.
24. സാഹിത്യവും ദലിത് വാദവും - കുറിപ്പെഴുതുക

**1 x 5 = 5**

## സി വിഭാഗം

**ഒരു പേജിൽ (നൂറ് വാക്ക്) നാലു ചോദ്യത്തിന് ഉത്തരമെഴുതുക.**

25. താരതമ്യസാഹിത്യത്തിന്റെ രീതി എന്ത്?
26. ഒരു ക്ലാസിക് കൃതി പരിചയപ്പെടുത്തി ക്ലാസ്സിസത്തിന്റെ സ്വഭാവം വിശകലനം ചെയ്യുക.
27. സാഹിത്യത്തിലെ ഉത്തരാധുനിക പ്രവണതകളെക്കുറിച്ച് ഒരു വിവരണം എഴുതുക.
28. മലയാള പഠനത്തിനുള്ള ആനുകാലികങ്ങൾ പരിചയപ്പെടുത്തുക.
29. കൈരളിയുടെ കഥ, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ ഇവ താരതമ്യം ചെയ്യുക.
30. അന്തർവൈജ്ഞാനിക സമീപനത്തിന് സാഹിത്യത്തിലുള്ള പ്രസക്തി എന്ത്?

**2 x 4 = 8**

## ഡി വിഭാഗം

**നാലു പേജിൽ (400 വാക്ക്) രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.**

31. പ്രധാനപ്പെട്ട നിഘണ്ടുക്കൾ പരിചയപ്പെടുത്തി സാമാന്യമായി വിലയിരുത്തുക.
32. സാഹിത്യപഠനവും ചരിത്രവും തമ്മിലുള്ള ബന്ധം സോദാഹരണം വിശദീകരിക്കുക.
33. റൊമാന്റിസിസത്തിന്റെ വൈവിധ്യവും പരിണാമവും മലയാള കാവ്യമാതൃകകൾ മുൻനിറുത്തി വിവരിക്കുക.

**4 x 2 = 8**

**Model Question Paper**
**CBCSS B.A. (Model II) Degree Examination April 2010**
**SCOND SEMESTER**
**Malayalam Language & Literature**
**(Vocational Copy Editing)**
**Complimentary Course - 1**
**ML 2 VE 01 U**

# പുസ്തകനിർമ്മാണം

**Time : 3 hrs.** **Max. Weight : 25**

നിർദ്ദേശങ്ങൾ :

1. എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. നാല് ഒബ്ജക്ടീവ് ചോദ്യങ്ങളടങ്ങിയ നാലു ഖണ്ഡങ്ങളാണ് **എ** വിഭാഗത്തിലുള്ളത്. (4x4=16 ചോദ്യങ്ങൾ ഓരോ ഖണ്ഡത്തിലെയും നാലുത്തരങ്ങളും ശരിയാണെങ്കിൽ **എ** ഗ്രേഡും **മൂന്ന്, രണ്ട്, ഒന്ന്** എന്നിങ്ങനെ ശരിയുത്തരങ്ങൾക്കനുസരിച്ച് യഥാക്രമം **ബി, സി, ഡി** ഗ്രേഡുകളും ലഭിക്കും. ഉത്തരമൊന്നും ശരിയല്ലെങ്കിൽ ഇ ഗ്രേഡ് ലഭിക്കും. **ബി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **5** ചോദ്യങ്ങൾക്കുത്തരമെഴുതണം. **സി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **4** ചോദ്യങ്ങൾക്കുത്തരമെഴുതണം. **ഡി** വിഭാഗത്തിൽ നിന്ന് **2** ചോദ്യങ്ങൾക്കുത്തരമെഴുതണം)

**എ വിഭാഗം**

**ഒരുവാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക.**

1. സ്വന്തമായി പുസ്തക പ്രസിദ്ധീകരണ സ്ഥാപനമുള്ള മലയാളത്തിലെ ഒരു ദിനപത്രത്തിന്റെ പേരെഴുതുക.
2. കമനീയവും സങ്കീർണവുമായ വർണചിത്രങ്ങൾ അച്ചടിക്കാനുപയോഗിക്കുന്ന ഓഫ് സെറ്റ് അച്ചടി സമ്പ്രദായത്തിന്റെ പേര്?
3. പുസ്തക നിർമ്മാണത്തിന്റെ ഏതു ഘട്ടത്തിലാണ് ചിത്രങ്ങളും മാപ്പുകളും ചേർക്കുന്നത്?
4. ഓഫ്സെറ്റ് പ്രക്രിയ ആദ്യമായി വിന്യസിക്കപ്പെട്ടത് ഏതു രാജ്യത്താണ്?
5. നല്ല കടലാസിന്റെ രണ്ടു ഗുണങ്ങൾ എഴുതുക.
6. ന്യൂസ് പ്രിന്റും വൈറ്റ് പ്രിന്റും തമ്മിലുള്ള വ്യത്യാസം എന്ത്?
7. അച്ചടിക്ക് ഉപയോഗിക്കുന്ന പ്രാഥമിക വർണങ്ങൾ ഏവ?
8. ജി. എസ്. എം. (gsm) എന്നാലെന്ത്?
9. പെർഫെക്ട് ബയന്റിങ് എന്നാലെന്ത്?
10. ആധുനിക അച്ചടി കണ്ടുപിടിച്ചതാര്?
11. കേരളത്തിൽ മലയാളം അച്ചടിക്ക് ആരംഭം കുറിച്ചയാൾ?
12. എ - 4 സൈസ് പേപ്പറിന്റെ വലുപ്പം എത്ര?
13. പുസ്തകങ്ങളുടെ ബഹുവർണ പുറംചട്ടകൾ അച്ചടിക്കാൻ ഉപയോഗിക്കുന്നത് എന്തുതരം കടലാസാണ്?
14. സി.ടി.പി. എന്നാലെന്ത്?
15. മാറ്റ് ലാമിനേഷൻ എന്നാലെന്ത്?
16. കേരളത്തിൽ അച്ചടിച്ച ആദ്യമലയാള പുസ്തകം ഏത്?

(1 x 4=4)

## ബി വിഭാഗം

അമ്പതുവാക്കിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരം എഴുതുക.

17 ലെറ്റർ പ്രസ്സ് അച്ചടിയുടെ സവിശേഷതകൾ എന്ത്?

18. അച്ചടി (Printing) എന്നാലെന്ത്?

19. ആധുനിക ഓഫ്സെറ്റ് - ലിത്തോഗ്രാഫിക് അച്ചടി യന്ത്രങ്ങളുടെ അടിസ്ഥാനതത്ത്വമെന്ത്?

20. പുസ്തകത്തിന്റെ വലുപ്പവും അച്ചടിക്കാനുപയോഗിക്കുന്ന കടലാസ്സിന്റെ അളവും തമ്മിലുള്ള ബന്ധമെന്ത്?

21. ബോംബെ കുരിയർ മലയാളം ടൈപ്പ്, മദ്രാസ് ഫോർട്ട് സെന്റ് ജോർജ് കോളേജ് ടൈപ്പ്, ബെയിലി ടൈപ്പ് എന്നിവ തമ്മിലുള്ള വ്യത്യാസം എന്ത്?

22. മലയാളം ടൈപ്പ് സെറ്റിങ്ങിനാവശ്യമായ ഒരു സോഫ്റ്റ് വെയറിനെക്കുറിച്ച് കുറിപ്പെഴുതുക.

23. ഫോറം എന്നാലെന്ത്?

24. പേപ്പർ ബാക്ക് പുസ്തകങ്ങളുടെ ബയന്റിംഗിലെ പ്രധാന ഘട്ടങ്ങൾ ഏവ?

(1 X 5=5)

## സി വിഭാഗം

നൂറുവാക്കിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക.

25. ഒരു കൈയെഴുത്തു പ്രതി അച്ചടിക്കുമ്പോൾ എത്ര പേജ് വരുമെന്ന് കണക്കാക്കുന്നതെങ്ങനെ?

26. പുറംചട്ടയ്ക്ക് പുസ്തകനിർമ്മാണത്തിലുള്ള പ്രാധാന്യമെന്ത്?

27. ലിത്തോഗ്രാഫിക്ക് അച്ചടിയും ഗ്രേവിയർ അച്ചടിയും തമ്മിലുള്ള വ്യത്യാസമെന്ത്?

28. ഒരു ഫോറത്തിൽ പേജ് നമ്പർ നൽകേണ്ടതെങ്ങനെ?

29. കടലാസ്സ് നിർമ്മിക്കാനുപയോഗിക്കുന്ന സാധനങ്ങൾ എന്തെല്ലാം?

30. റമ്പാൻ ബൈബിൾ, ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംക്ലീശിൽ നിന്ന പരിഭാഷപ്പെടുത്തിയ കഥകൾ എന്നീ കൃതികൾക്ക് മലയാള പുസ്തകപ്രസാധന ചരിത്രത്തിലുള്ള പ്രാധാന്യമെന്ത്?

(2 X 4=8)

## ഡി വിഭാഗം

ഏതെങ്കിലും രണ്ട് ചോദ്യത്തിന് നാനൂറ് വാക്കിൽ ഉത്തരമെഴുതുക.

31. താഴെപ്പറഞ്ഞിട്ടുള്ള സൂചനകൾ ഉപയോഗിച്ച്, 304 പേജുള്ള ഒരു പുസ്തകത്തിന്റെ 1000 കോപ്പി അച്ചടിക്കാൻ എത്രരൂപ ഏകദേശം ചെലവു വരുമെന്നു കണക്കാക്കുക.

പേപ്പർ റീമിന് - 830 രൂപ അച്ചടിക്കൂലി എട്ടുപേജിന്റെ ഫോറം ആയിരം കോപ്പിക്ക് - 300 രൂപ കവർ കാർഡ്, കവർ കാർഡ് (ഡബിൾ ഡെമ്മി ആർട്ട് കാർഡ്) ഒന്നിന് 7 രൂപ 50 പൈസ. ടൈപ്പിംഗ് സെറ്റിംഗ് & ലേ-ഔട്ട് ഒരു എ.4 പേജിന് 50 രൂപ, കവർ പ്രിന്റിംഗ് ചെലവ് 4500 രൂപ, ബയന്റിങ് ഒരു പുസ്തകത്തിന് 3 രൂപ. മറ്റു ചെലവുകൾ വിശദമായി കണക്കാക്കുക.

32. അച്ചടിയിൽ കമ്പ്യൂട്ടറുകൾ വരുത്തിയ സാങ്കേതിക പുരോഗതിയെക്കുറിച്ച് ഉപന്യസിക്കുക.

33. മലയാളം അച്ചടിയുടെയും പുസ്തക പ്രസാധനത്തിന്റെയും പ്രാരംഭ ചരിത്രം വിശദമാക്കുക.

(4 X 2=8)

**Model Question Paper**
**CBCSS B.A. (Model II) Degree Examination April 2010**
**SECOND SEMESTER**
**Malayalam Language & Literature**
**(Vocational Copy Editing)**
**Complimentary Course - 2**
**ML 2 VE 02 U**

# പുസ്തക പ്രസാധനത്തിന്റെ പൊതുപശ്ചാത്തലം

**Time : 3 hrs.** **Max. Weight : 25**

നിർദ്ദേശങ്ങൾ :

1. എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. നാല് ഒബ്ജക്ടീവ് ചോദ്യങ്ങളടങ്ങിയ നാലു ഖണ്ഡങ്ങളാണ് **എ** വിഭാഗത്തിലുള്ളത്. (4x4=16 ചോദ്യങ്ങൾ ഓരോ ഖണ്ഡത്തിലെയും നാലുത്തരങ്ങളും ശരിയാണെങ്കിൽ **എ** ഗ്രേഡും **മൂന്ന്, രണ്ട്, ഒന്ന്** എന്നിങ്ങനെ ശരിയുത്തരങ്ങൾക്കനുസരിച്ച് യഥാക്രമം **ബി, സി, ഡി** ഗ്രേഡുകളും ലഭിക്കും. ഉത്തരമൊന്നും ശരിയല്ലെങ്കിൽ ഇ ഗ്രേഡ് ലഭിക്കും. **ബി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **5** ചോദ്യങ്ങൾക്കുത്തരമെഴുതണം. **സി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **4** ചോദ്യങ്ങൾക്കുത്തരമെഴുതണം. **ഡി** വിഭാഗത്തിൽ നിന്ന് **2** ചോദ്യങ്ങൾക്കുത്തരമെഴുതണം)

**എ വിഭാഗം**

**ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.**

1. ആധുനിക അച്ചടിയുടെ ഉപജ്ഞാതാവ് ആര്?
2. എന്താണ് കോളഫോൺ ?
3. ഭാരതത്തിൽ ഇദം പ്രഥമമായി അച്ചടിച്ച ഗ്രന്ഥം ഏത്?
4. ഹൗസ് റൂൾസ് എന്നാൽ എന്ത്?

**പേരെഴുതുക.**

5. പ്രാക്ഗുട്ടൻബർഗ് മുദ്രണത്തിന്റെ ഈറ്റില്ലം.
6. മലയാളാക്ഷരങ്ങൾ ആദ്യമായി അച്ചടിച്ച ഗ്രന്ഥം.
7. പേപ്പർ എന്ന വാക്കിന്റെ നിഷ്പത്തി എവിടെ നിന്ന്?
8. വട്ടെഴുത്തിന്റെ മറ്റൊരു പേര് ?

**ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.**

9. യൂറോപ്പിൽ ആദ്യമായി കടലാസുണ്ടാക്കിയത് ആര്?
   (അമേരിക്കക്കാർ, ഫ്രഞ്ചുകാർ, സ്പെയിൻകാർ, ജർമ്മൻകാർ)
10. ഗുട്ടൻബർഗിന്റെ സ്മരണയെ നിലനിർത്തുന്ന അച്ചടി മ്യൂസിയം സ്ഥിതി ചെയ്യുന്നത് എവിടെ?
    (ഗോവയിൽ, ചൈനയിൽ, ഡൽഹിയിൽ, വെയിൻസ് നഗരത്തിൽ)
11. ഭാരതീയ അച്ചടിയുടെ ജനയിതാവ് ആര്?
    (ഇറാസ്മസ്, ഗുട്ടൻബർഗ്, ജോൺ ബുസ്തമന്നെ, ജോൺ ഗോൺസാൽവസ്)
12. കളിമണ്ണുകൊണ്ടുള്ള അക്ഷരക്കട്ടകളുടെ ഉപജ്ഞാതാവ് ആര്?
    (പി. ഷാങ്, മോക്സൻ, ക്രിസ്റ്റെഫർ പ്ലാന്റ് , മാരിയോപെയ് )

**പൂരിപ്പിക്കുക**

13. ഇന്ത്യൻ അക്ഷരമാലകളുടെ ഉറവിടം എന്നു കരുതപ്പെടുന്ന അക്ഷരസമ്പ്രദായം .............. ആണ്.

14. മുഖപത്രത്തിന്റെ (Title Page) പൂർവ്വരൂപം ആണ്................

15. ആദ്യമായി മലയാള അച്ചുകൾ കൊത്തി ഉണ്ടാക്കിയത് .......... ആണ്.

16. പോക്കറ്റ് എഡിഷൻ ആദ്യമായി പ്രചരിപ്പിച്ചത് ............... ആണ്.

(1X4 =4)

## ബി വിഭാഗം

### മുപ്പത് വാക്കിൽ കവിയാതെ അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.

17. 'ഹിരകസൂത്രം' - കുറിപ്പെഴുതുക.

18. ആരാണ് സാഹിത്യ ഏജന്റുമാർ ?

19. പെർഫെക്ട് ലൈബ്രറി ബൈൻഡിംഗ് എന്നാൽ എന്ത്?

20. അച്ചടിക്കു മുമ്പുണ്ടായിരുന്ന ആശയവിനിമയോപാധികൾ ഏവ?

21. പുസ്തകത്തിന്റെ പുറം ചട്ട നിർമ്മിക്കുന്നതെങ്ങനെ?

22. പുസ്തക ഒരു സാമൂഹികോപകരണമെന്ന നിലയിൽ വിലയിരുത്തുക.

23. ഗോവയിൽ ആദ്യ പ്രസ് സ്ഥാപിക്കാനിടയായ സാഹചര്യം എന്ത്?

24. എന്താണ് ലൈനോടൈപ്പ്? അതിന്റെ ഗുണദോഷങ്ങൾ എന്തെല്ലാം?

(5X1 =5)

## സി വിഭാഗം

ഓരോന്നും നൂറുവാക്കിൽ കവിയാതെ നാലെണ്ണത്തിന് ഉത്തരമെഴുതുക.

25. ഗുട്ടൻബർഗിന്റെ മുദ്രണവിദ്യയുടെ സവിശേഷതകൾ എന്തെല്ലാം?

26. കൈയെഴുത്തു പ്രതിയിൽ നിന്നു അച്ചടി ഗ്രന്ഥത്തെ ശ്രദ്ധേയമാക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

27. സംക്ഷേപവേദാർത്ഥം - നോട്ടു കുറിക്കുക.

28. പ്രസിദ്ധീകരണത്തിനുവേണ്ടി പുസ്തകം തെരഞ്ഞെടുക്കുമ്പോൾ പ്രസാധകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

29. യൂറോപ്പിലുണ്ടായ ആദ്യകാല ഗ്രന്ഥങ്ങളുടെ സവിശേഷതകൾ എന്തെല്ലാം?

30. ഒരു പുസ്തകത്തിനകത്തെ ഇനങ്ങളെ ഒലിവർ സൈമൺ തരംതിരിച്ചിരിക്കുന്നതെങ്ങനെ?

(4X2 =8)

## ഡി വിഭാഗം

മൂന്നുപേജിൽ കവിയാതെ രണ്ടെണ്ണത്തിനു ഉത്തരമെഴുതുക.

31. പ്രസാധകന്റെ ധർമ്മങ്ങൾ എന്തെല്ലാം?

32. അച്ചടിയും ഗുട്ടൻബർഗും

33. സാംസ്കാരിക പോഷണത്തിൽ പുസ്തകങ്ങൾ വഹിക്കുന്ന പങ്ക്?

(2X4 =8)

**Model Question Paper**
**C.B.C.S.S. - B.A. (Model II) Degree Examination April 2010**
**SECOND SEMESTER**
**Malayalam Language & Literature**
**Vocational Copy writing**
**Complimentary Course I**
**പരസ്യവും മനഃശാസ്ത്രവും**

**ML2VW01U**

**Time : 3 hrs.** **Max. Weight : 25**

നിർദ്ദേശങ്ങൾ :

1. എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. നാല് ഒബ്ജക്ടീവ് ചോദ്യങ്ങളടങ്ങിയ നാലു ഖണ്ഡങ്ങളാണ് **എ** വിഭാഗത്തിലുള്ളത്. (4x4=16 ചോദ്യങ്ങൾ ഓരോ ഖണ്ഡത്തിലെയും നാലുത്തരങ്ങളും ശരിയാണെങ്കിൽ **എ** ഗ്രേഡും **മൂന്ന്, രണ്ട്, ഒന്ന്** എന്നിങ്ങനെ ശരിയുത്തരങ്ങൾക്കനുസരിച്ച് യഥാക്രമം **ബി, സി, ഡി** ഗ്രേഡുകളും ലഭിക്കും. ഉത്തരമൊന്നും ശരിയല്ലെങ്കിൽ ഇ ഗ്രേഡ് ലഭിക്കും. **ബി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **5** ചോദ്യങ്ങൾക്കുത്തരമെഴുതണം. **സി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **4** ചോദ്യങ്ങൾക്കുത്തരമെഴുതണം. **ഡി** വിഭാഗത്തിൽ നിന്ന് **2** ചോദ്യങ്ങൾക്കുത്തരമെഴുതണം)

**എ വിഭാഗം**

ശരിയുത്തരം എടുത്തെഴുതുക.

1. മനഃശാസ്ത്രത്തെ "മനുഷ്യന്റെ പ്രവൃത്തികളെപ്പറ്റി പഠിക്കുന്ന ശാസ്ത്രം" എന്ന് നിർവചിച്ചത് ആര്?

   (ടിച്ച്നർ, ഫ്രോയ്ഡ്, വുഡ്വർത്ത്, തോൺഡൈക്ക്)

2. നാഡീസംബന്ധമായും മനസ്സംബന്ധമായുമുള്ള രോഗങ്ങളെപ്പറ്റി പഠനം നടത്തുന്ന മനശ്ശാസ്ത്രശാഖ?

   (ശരീരക്രിയാ മനശ്ശാസ്ത്രം, വികാസമനശ്ശാസ്ത്രം, നൈദാനിക മനശ്ശാസ്ത്രം, അപസാമാന്യ മനശ്ശാസ്ത്രം)

3. നിരീക്ഷണത്തിന്റെ രണ്ടാമത്തെ പടി?

   (ശ്രദ്ധ, പ്രത്യക്ഷണം, സംവേദനം, പ്രതിബിംബം)

4. മനശ്ശാസ്ത്രത്തിന്റെ പിതാവെന്ന് കണക്കാകുന്നത് ആരെയാണ്?

   (ഫ്രോയ്ഡ്, വില്യംവൂണ്ട്, വാട്സൺ, യുങ്)

   ഒറ്റവാക്കിൽ ഉത്തരമെഴുതുക.

5. മനഃശാസ്ത്രത്തെ പെരുമാറ്റത്തെക്കുറിച്ചുള്ള പഠനമെന്ന് നിർവ്വചിച്ചത് ആര്?

6. സൈക്കോ അനാലിസിസ് എന്ന ചിന്താ ധാരയുടെ ഉപജ്ഞാതാവ്?

7. വ്യവസായത്തിന്റെയും വാണിജ്യത്തിന്റെയും കേന്ദ്രബിന്ദു ആര്?

8. സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്ന ഊർജ്ജം ഏത്?

   ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക.

9. മനഃശാസ്ത്രം മനുഷ്യനെ ഏതു നിലയിലാണ് പഠിക്കുന്നത്?

10. ശ്രദ്ധയെ ആകർഷിക്കുവാൻ സഹായിക്കുന്ന ഘടകങ്ങളെ പൊതുവെ എങ്ങനെയാണ് തരംതിരിക്കുന്നത്?

11. ഫ്രോയിഡ് മാനസിക ചോദനകളെ എത്രയായി തിരിക്കുന്നു?

12. ഓറൽ ഘട്ടം എന്നാലെന്ത്?

വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

13. കുട്ടികളുടെ മൂന്നു വയസ്സിനും ആറുവയസ്സിനും ഇടയ്ക്കുള്ള ഘട്ടത്തെ .............. എന്നു വിളിക്കുന്നു.

14. .................... എന്ന ഭിഷഗ്വരന്റെ അഭിപ്രായത്തിൽ എല്ലാ വ്യക്തികളിലും കാന്തികശക്തി കുടികൊള്ളുന്നു.

15. വാങ്ങുക എന്ന പ്രക്രിയ ഒരു ......................... ഇടപാട് മാത്രമല്ല.

16. പഞ്ചേന്ദ്രിയങ്ങളുടെ സഹായം കൂടാതെ അറിവ് സമ്പാദിക്കുന്നതിനെ ............. എന്നു പറയുന്നു.

(1x4=4)

ബി വിഭാഗം

ഓരോന്നും അരപേജിൽ (അമ്പത് വാക്ക്) അഞ്ചുചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17. എന്താണ് അടിസ്ഥാന മനഃശാസ്ത്രവും പ്രയോഗിക മനഃശാസ്ത്രവും?

18. ബിഹേവിയറിസം എന്നാൽ എന്ത്?

19. ആരാണ് ഉപഭോക്താവ്?

20. വാങ്ങൽ പ്രക്രിയയിൽ കുടുംബം ഒരു പ്രേരക ഘടകമാകുന്നതെങ്ങനെ ?

21. ഉപഭോക്തൃ സാമൂഹ്യവൽക്കരണം എന്നാലെന്ത്?

22. എയ്നൽ ഘട്ടം എന്നാലെന്ത്?

23. ക്ലാസ്സിക്കൽ കണ്ടീഷനിംഗ് എന്നാലെന്ത്?

24. സംവേദനങ്ങളുടെ (Sensations) പ്രാധാന്യമെന്ത്?

(1x5=5)

സി വിഭാഗം

ഓരോന്നും ഒരു പേജിൽ (നൂറ് വാക്ക്) കുറയാതെ നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

25. വസ്തുനിഷ്ഠകാരകങ്ങളുടെ സവിശേഷതകൾ വിവരിക്കുക.

26. പ്രതിബിംബങ്ങളുടെ ഉപയോഗങ്ങൾ എന്തെല്ലാം?

27. ഒരാളുടെ വ്യക്തിത്വത്തിന് ഫ്രോയിഡ് നിർദ്ദേശിക്കുന്ന മൂന്ന് പ്രധാനഘടകങ്ങൾ ഏതെല്ലാം?

28. ഫ്രോയിഡിന്റെ അഭിപ്രായത്തിൽ വ്യക്തിത്വ വളർച്ചയിലെ പ്രധാന ഘട്ടങ്ങൾ ഏതെല്ലാം?

29. വാങ്ങുക എന്ന പ്രക്രിയയിലെ മനോവ്യാവാരങ്ങൾ എന്തെല്ലാം?

30. വാങ്ങൽ പ്രക്രിയയെ സ്വാധീനിക്കുന്ന സാന്ദർഭിക ഘടകങ്ങൾ എന്തെല്ലാം?

(2x4=8)

ഡി വിഭാഗം

ഓരോന്നും നാലുപേജിൽ (നാനൂറുവാക്ക്) രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

31. ഒരു പരസ്യം രൂപകല്പന ചെയ്യുമ്പോൾ മനഃശാസ്ത്രസിദ്ധാന്തങ്ങൾ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താം എന്ന് വിലയിരുത്തുക.

32. വാങ്ങൽ പ്രക്രിയയിലെ വിവിധ ഘട്ടങ്ങൾ വിശദമാക്കുക.

33. ഉപഭോക്താവിന്റെ സാമൂഹ്യവൽക്കരണ പ്രക്രിയ വിവരിക്കുക.

(4x2=8)

**Model Question Paper**
**C.B.C.S.S. B.A (Model II) Degree Examination - 2010**
**SECOND SEMESTER**
**Malayalam Language & Literature**
**(Vocational Copy Writing)**
**Complimentary Course 02**

**ജേർണലിസം – ലക്ഷ്യവും ചരിത്രവും**

Time : Three Hours Maximum Weight : 25

നിർദ്ദേശങ്ങൾ :

1. എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. നാല് ഒബ്ജക്ടീവ് ചോദ്യങ്ങളടങ്ങിയ നാലു ഖണ്ഡങ്ങളാണ് **എ** വിഭാഗത്തിലുള്ളത്. (4x4=16 ചോദ്യങ്ങൾ ഓരോ ഖണ്ഡത്തിലെയും നാലുത്തരങ്ങളും ശരിയാണെങ്കിൽ **എ** ഗ്രേഡും **മൂന്ന്, രണ്ട്, ഒന്ന്** എന്നിങ്ങനെ ശരിയുത്തരങ്ങൾക്കനുസരിച്ച് യഥാക്രമം **ബി, സി, ഡി** ഗ്രേഡുകളും ലഭിക്കും. ഉത്തരമൊന്നും ശരിയല്ലെങ്കിൽ ഇ ഗ്രേഡ് ലഭിക്കും. **ബി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **5** ചോദ്യങ്ങൾക്കുത്തരമെഴുതണം. **സി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **4** ചോദ്യങ്ങൾക്കുത്തരമെഴുതണം. **ഡി** വിഭാഗത്തിൽ നിന്ന് **2** ചോദ്യങ്ങൾക്കുത്തരമെഴുതണം)

എ വിഭാഗം

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. ഭാരതത്തിലെ അതിപ്രാചീന ലിപി ഏത്?
   (ബ്രാഹ്മി, വട്ടെഴുത്ത്, കോലെഴുത്ത്, ആര്യ)
2. മലയാള അച്ചുകൾ ആദ്യമായി കൊത്തിയുണ്ടാക്കിയത് ആര്?
   (ജോൺ ബ്രസ്താമന്തെ, ജോൺ ഗോൺസാൽവസ്, ജിജിഭായ്ചാപ്ഘരം, ഗുണ്ടർട്ട്)
3. ഭാഷാ പോഷിണി തുടങ്ങിയത് ആര്?
   (നിധീരിക്കൽ മാണികത്തനാർ, ഏ. ആർ., ഉള്ളൂർ, കണ്ടത്തിൽ വർഗീസ് മാപ്പിള)
4. മലയാളത്തിലെ പ്രഥമ പത്രം ഏത്?
   (പശ്ചിമോദയം, രാജ്യസമാചാരം, ജ്ഞാനനിക്ഷേപം, വിദ്യാവിലാസിനി)
5. മലയാളത്തിലെ ആദ്യസാഹിത്യ മാസിക ഏത്?
   (വിദ്യാവിലാസിനി, വിദ്യാവിനോദിനി, ഭാഷാപോഷിണി, മലയാളം)
6. മലയാളത്തിൽ ആദ്യമായി വിശേഷാൽ പ്രതി ഇറക്കിയത് ആര്?
   (കവനകൗമുദി, വിവേകോദയം, രസികരഞ്ജിനി, കവനോദയം)
7. ഇന്ത്യയിൽ ആദ്യമായി ടെലിവിഷൻ സംപ്രേഷണം തുടങ്ങിയത് എന്ന്?
   (1947 ആഗസ്റ്റ് 15, 1959 സെപ്തംബർ 15, 1956 നവംബർ 1, 1936 ഏപ്രിൽ 15)
8. അച്ചടി രംഗത്തെ ഏറ്റവും വലിയ സാങ്കേതിക പുരോഗതി എന്ത്?
   (സി.ടി.പി., ടി.റ്റി.പി., ഫോട്ടോ കംപോസിഷൻ, ഗ്രാഫിക് അച്ചടി)

**ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.**

9. ഇൻവർട്ടഡ് പിരമിഡ് രീതി എന്ത്?
10. ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസം എന്ത്?
11. കാരിക്കേച്ചർ എന്നാലെന്ത്?
12. ടാബ്ലോയ്ഡ് എന്നാൽ എന്ത്?
13. നിബ്ഡ് എന്നാൽ എന്ത്?

14. ലോഗോ

14. സമാചാർ ഭാരതി

16. കെ.ഡി. റോയി.

(1x5=5)

ബി വിഭാഗം

**അമ്പത് വാക്കിൽ കവിയാതെ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.**

17. പത്രസമ്മേളനം എന്നാൽ എന്ത്?

18. പശ്ചിമ താരക - പ്രസക്തി എന്ത്?

19. ഓഫ്സെറ്റ് എന്നാൽ എന്ത്?

20. റേഡിയോ പ്രക്ഷേപണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഏവ?

21. ബി.ബി.സി.

22. വാർത്താബുള്ളറ്റിൻ എന്നാൽ എന്ത്?

23. ബ്ലർബ് എന്നാൽ എന്ത്?

24. ജ്ഞാന നിക്ഷേപം.

(1 x 5 = 5)

സി വിഭാഗം

**നൂറ് വാക്കിൽ കവിയാതെ നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

25. കടലാസ്സിന്റേയും അച്ചടിയുടേയും ചരിത്രം വിവരിക്കുക.

26. ബഞ്ചമിൻ ബയ്‌ലിയുടെ സംഭാവനകൾ ഏവ?

27. ഗുണ്ടർട്ടിന്റെ ഭാഷാ സേവനം?

28. റേഡിയോ പ്രഭാഷണം തയ്യാറാക്കുന്നതെങ്ങനെ?

29. ടെലിവിഷൻ വാർത്തകൾ എങ്ങനെ തയ്യാറാക്കുന്നു?

30. പത്രപ്രവർത്തനരംഗത്ത് രാജാറാം മോഹൻ റായിയുടെ സംഭാവനകൾ ഏവ?

(2 x 4 = 8)

ഡി വിഭാഗം

**നാലുപുറത്തിൽ കവിയാതെ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

31. മലയാളത്തിലെ ആദ്യകാല പത്രങ്ങളുടെ പ്രത്യേകതകൾ വിവരിക്കുക.

32. ടെലിവിഷൻ പരിപാടികൾ ഇന്ന് സാധാരണക്കാരനെ എങ്ങനെ സ്വാധീനിക്കുന്നു.

33. അച്ചടി രംഗത്തെ പുതിയ പ്രവണതകൾ വിവരിക്കുക.

(2 x 4 = 8)

# Scheme of Examination

C.B.C.S.S - B.A/B.Sc (Model I) Degree Examination April 2010

**SECOND SEMESTER**

**Additional Language Malayalam**

## കവിത

**ML2 A01U**

**പൊതുനിർദ്ദേശം:**
ചോദ്യങ്ങൾ എല്ലാ പ്രമേയമേഖലകളെയും എല്ലാ കവിതകളെയും സ്പർശിക്കുന്നവയാവണം.

| ചോദ്യവിഭാഗങ്ങൾ | | | പ്രമേയ മേഖലകൾ: പ്രണയം | പരിസ്ഥിതി | കലുഷകാലം | ഉയിർപ്പ് | ആകെ | ഉത്തരം എഴുതേണ്ടത് | വെയ്റ്റേജ് |
|---|---|---|---|---|---|---|---|---|---|
| | പാർട്ട് എ (ഒബ്ജക്റ്റീവ്) | ചോയ്സ് ഉള്ളത് (കുറിപ്പുകളെ ആധാരമാക്കി) | 2 | 2 | 2 | 2 | 16 (4 വീതം 4 സമ്പുടങ്ങൾ) | 16 | 4 x 1 = 4 |
| | | ചോയ്സ് ഇല്ലാത്തത് (പാഠഭാഗത്തെ ആധാരമാക്കി) | 2 | 2 | 2 | 2 | | | |
| | പാർട്ട് ബി ഖണ്ഡിക (50 വാക്ക്) | | 2 | 2 | 2 | 2 | 8 | 5 | 5 x 1 = 5 |
| | പാർട്ട് സി ലഘൂപന്യാസം (1 പേജ്) | | എല്ലാ പ്രമേയ മേഖലകളെയും സ്പർശിക്കണം | | | | 6 | 4 | 4 x 2 = 8 |
| | പാർട്ട് ഡി ദീർഘോപന്യാസം (4 പേജ്) | | ഏതെങ്കിലും മൂന്നു പ്രമേയമേഖലകളെ സ്പർശിക്കണം ഒരു ചോദ്യം താരതമ്യാത്മകമാകണം. | | | | 3 | 2 | 2 x 4 = 8 |
| | | | | | | ആകെ | 33 | 27 | 25 |

Model Question Paper

C.B.C.S.S. BA/ BSc (Model I) Degree Examination April 2010

**Second Semester**

Addtional Language Malayalam

# കവിത

ML2A01U

Time : Three Hours — Maximum Weight : 25

നിർദ്ദേശങ്ങൾ :

1. എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. നാല് ഒബ്ജക്ടീവ് ചോദ്യങ്ങളടങ്ങിയ നാലു ഖണ്ഡങ്ങളാണ് **എ** വിഭാഗത്തിലുള്ളത്. (4x4=16 ചോദ്യങ്ങൾ ഓരോ ഖണ്ഡത്തിലെയും നാലുത്തരങ്ങളും ശരിയാണെങ്കിൽ **എ** ഗ്രേഡും **മൂന്ന്, രണ്ട്, ഒന്ന്** എന്നിങ്ങനെ ശരിയുത്തരങ്ങൾക്കനുസരിച്ച് യഥാക്രമം **ബി, സി, ഡി** ഗ്രേഡുകളും ലഭിക്കും. ഉത്തരമൊന്നും ശരിയല്ലെങ്കിൽ ഇ ഗ്രേഡ് ലഭിക്കും. **ബി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **5** ചോദ്യങ്ങൾക്കുത്തരമെഴുതണം. **സി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **4** ചോദ്യങ്ങൾക്കുത്തരമെഴുതണം. **ഡി** വിഭാഗത്തിൽ നിന്ന് **2** ചോദ്യങ്ങൾക്കുത്തരമെഴുതണം)

എ വിഭാഗം

**ശരിയായഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. ഭാരതത്തിലെ പ്രഥമ ജ്ഞാനപീഠപുരസ്കാരം നേടിയ കവി?
   (ജി. ശങ്കരക്കുറുപ്പ് , ഡോ. അയ്യപ്പപ്പണിക്കർ, സച്ചിദാനന്ദൻ, എൻ. വി. കൃഷ്ണവാര്യർ)
2. പുരുരവസ്സിന്റെ പ്രണയകഥയുൾക്കൊള്ളുന്ന സംസ്കൃതനാടകം?
   (മൃച്ഛകടികം, ചാരുദത്തൻ, വിക്രമോർവ്വശീയം, ശാകുന്തളം)
3. സച്ചിദാനന്ദന്റേതല്ലാത്ത കവിതാസമാഹാരം?
   (സാക്ഷി, കവിബുദ്ധൻ, പീഢനകാലം, വിട)
4. പി. കുഞ്ഞിരാമൻനായരുടെ ആത്മകഥ?
   (താമരത്തോണി, കവിയുടെ കാൽപ്പാടുകൾ, കളിയച്ഛൻ, എന്നിലൂടെ)
5. മോഹനകൃഷ്ണൻ കാലടിയുടെ കവിതാസമാഹാരം?
   (മഴപ്പൊട്ടൻ, മാമ്പഴം, വിശ്വദർശനം, വനമാല)
6. 'കൊച്ചുതൊമ്മൻ' എന്ന കവിതാസമാഹാരത്തിന്റെ കർത്താവ്?
   (ചെമ്മനം ചാക്കോ, എൻ. വി. കൃഷ്ണവാര്യർ, കെ. ജി. ശങ്കരപ്പിള്ള, റോസ് മേരി)
7. 'മഴതൻ മറ്റേതോമുഖം' - ആരുടെ കാവ്യസമാഹാരം?
   (സുഗതകുമാരി, കമലാസുരയ്യ, ബാലാമണിയമ്മ, വിജയലക്ഷ്മി)
8. ജാതിവ്യത്യാസത്തെ ചോദ്യം ചെയ്യുന്ന തെയ്യം ?
   (കതിവന്നൂർ വീരൻ, ഉച്ചിട്ടഭഗവതി, കുണ്ഡോറ ചാമുണ്ഡി, പൊട്ടൻതെയ്യം)

**ഒരു വാക്കിലോ വാക്യത്തിലോ മാത്രം ഉത്തരമെഴുതുക**

9. പ്രേമികയുടെ മതം ഏതുമാത്രം?
10. ഇനിയൊരിടത്തും തൊടേണ്ട. കാരണം?
11. കിളി ഇപ്പോൾ പറക്കുകയല്ല, പിന്നെയോ?
12. ഇളംകാറ്റേറ്റ് ഇലമാറുമ്പോൾ നീർച്ചാറ്റിൽ ഒളിയമ്പെയ്യുന്നതാര്?
13. കരഞ്ഞുവാങ്ങി കരണ്ടുനിന്ന് അണ്ടികൊണ്ടുപോയതാര്?

14. ‘ആകുലമായോരഴുക്കു ചാലായെങ്കിലും
ചോടേ നിള ഒഴുകിയിരുന്നെങ്കിലെന്ന്’.... ഇവിടെ സൂചിതമാകുന്ന കവിത ഏത്?
15. വസന്തവംശത്തിന്റെ പതാകയിലെ അശോകചക്രം ഏത്?
16. കോമന്റെ കുടുംബത്തിന്റെ പ്രാണൻ പൊൻവയലിനു ചുറ്റും പാറിയത് ഏതുപോലെയാണ്?

(1x4=4)

ബി വിഭാഗം

**അമ്പതുവാക്കുള്ള ഖണ്ഡികയിൽ അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.**

17. ആദ്യദർശനത്തിൽ ‘മനസ്വിനി’ കവിതയ്ക്ക് എങ്ങനെ പ്രത്യക്ഷയായി?
18. സൂര്യകാന്തിയുടെ സൂര്യോന്മുഖമായ സ്നേഹത്തിന്റെ സവിശേഷതകൾ എന്തൊക്കെ?
19. ‘പാടിയ പൈങ്കിളി പാറിപ്പോയ കൂടായ്’ എന്നുള്ളിലെയുള്ളിൽ ആകാശം’ - വിശദീകരിക്കുക.
20. ‘കളയായവയെക്കാണുവതും നിൻ കളവാം പ്രത്യയശാസ്ത്രം’ എന്ന് കവി പറയുന്നത് എന്തു ന്യായത്തിലാണ്?
21. ‘വീതോല്ലാസമായ് മങ്ങീടുന്നൂ ജീവിതം’ - എങ്ങനെ?
22. ‘യശോധര എന്നവൾ’ എന്ന കവിതയിൽ പൂച്ചക്കുറിഞ്ഞ്യാരെ അടയാളപ്പെടുത്തുക.
23. ‘തെളിയിച്ചു വിരക്തിയെന്നിലന്നൊളിവായ് ലങ്കയിൽ വച്ച്....’ സൂചിതം എന്ത്?
24. കുടത്തിലെ തേൾ വസന്തവംശത്തിന്റെ കൊടിയടാളമാകുന്നതിന്റെ യുക്തിയെന്ത്?

(1x5=5)

**സി വിഭാഗം**

**ഏതെങ്കിലും നാലു ചോദ്യത്തിന് നൂറുവാക്കിൽ (ഒരു പേജ്) ഉത്തരമെഴുതുക.**

25. ചങ്ങമ്പുഴയുടെ ‘സ്പന്ദിക്കുന്ന അസ്ഥിമാടം’ ‘പുരൂരവസ്സിൽ’ എങ്ങനെ സൂചിതമാകുന്നു?
26. ‘യുഗള പ്രസാദനി’ലെ പാരിസ്ഥിതികദർശനം സംഗ്രഹിക്കുക.
27. ‘കീശയിൽ തപ്പി കൈത്തോക്കെടുത്തീടുന്നേൻ
ആശ്വാസാലതിൻ നിറത്തോട്ടകളെണ്ണീടുന്നേൻ’ - ഗോഡ്സേയുടെ പ്രവൃത്തിയുടെ പശ്ചാത്തലമെന്ത്?
28. കൊടുമുടിയിൽനിന്ന് താഴെ ‘നാറാണത്തുപാറ’ കാണുന്ന ദൃശ്യങ്ങളെ വ്യഖ്യാനിക്കുക.
29. ചരിത്രസ്രഷ്ടാവായ കൊല്ലന്റെ സർഗ്ഗക്രിയയുടെ മാനങ്ങളെന്ത്?
30. ‘എത്രയും മുരടിച്ചുനിൽക്കുന്നൊരശോകം’ എന്ന് കൗസല്യ സ്വയം വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

(2x4=8)

**ഏതെങ്കിലും രണ്ടെണ്ണത്തിന് നാലു പേജിൽ ഉത്തരമെഴുതുക.**

31. ‘ആത്മഹത്യ ചെയ്ത കർഷകൻ വെള്ളത്തെക്കുറിച്ചു സംസാരിക്കുന്നു’ എന്ന കവിതയിലെ പുരാവൃത്തസമൃദ്ധിയെപ്പറ്റി ഉപപാദിക്കുക.
32. മനുഷ്യമോചനവും അധികാരവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ‘പുത്തൻ കലവും അരിവാളും’ ഉയർത്തുന്ന ദർശനമെന്ത്?
33. സ്ത്രീയുടെ സ്വത്വാന്വേഷണം എന്ന നിലയിൽ ‘ചിന്താഗ്നി’ എന്ന കാവ്യഭാഗത്തെയും ‘കൗസല്യ’ എന്ന കവിതയെയും വിലയിരുത്തുക.

(4x2=8)

# Model Question Paper
## C.B.C.S.S. B.Com (Model I) Degree Examination April 2010
## SECOND SEMESTER
## Additional Language Malayalam
## ഗദ്യം രചനയും പ്രയോഗവും
ML2A01U

ചോദ്യകർത്താക്കളുടെ ശ്രദ്ധയ്ക്ക്:

പഠിക്കുന്ന വിഷയങ്ങൾ മാതൃഭാഷയിൽ തെറ്റുകൂടാതെ ആവിഷ്ക്കരിക്കാൻ വിദ്യാർത്ഥികൾക്കു കഴിയണം എന്ന ലക്ഷ്യത്തോടെയാണ് രണ്ടാം സെമസ്റ്റർ സിലബസ് ക്രമീകരിച്ചിട്ടുള്ളത്. ഒൻപതു ലേഖനങ്ങളടങ്ങുന്ന നവകം, ഭാഷാശുദ്ധി, കമ്പ്യൂട്ടർ സാങ്കേതികവിദ്യ, പരിഭാഷ, കത്തിടപാടുകൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചു തയ്യാറാക്കിയിരിക്കുന്ന എഴുത്തോല എന്നിവയാണ് പാഠപുസ്തകങ്ങൾ. എഴുത്തോലയിലെ വിവരസാങ്കേതികവിദ്യാപരമായ ലേഖനങ്ങൾ പ്രയോഗിക പരിശീലനത്തിനുകൂടി ഉതകുന്നവയാണ്. ഇ-കൊമേഴ്സ്, ഇ-ഗവേണൻസ്, ബ്ലോഗ്, യന്ത്രപരിഭാഷ എന്നിവയിലെ കാര്യങ്ങൾ കമ്പ്യൂട്ടർ ലാബിന്റെയോ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള അധ്യാപകരുടെയോ സഹായത്തോടെ പരിശീലിക്കാം. ഒരു ക്ലാസിലെ കുട്ടികളെ മുഴുവൻ ഉൾപ്പെടുത്തി ബ്ലോഗ് നിർമ്മിക്കാം. അതൊരു അസൈൻമെന്റായി നൽകാവുന്നതാണ്. ജോലിക്കുള്ള അപേക്ഷ, നിവേദനം തയ്യാറാക്കൽ തുടങ്ങിയവയും അസൈൻമെന്റിന്റെ ഭാഗമാക്കാവുന്നതാണ്.

വൈവ അല്ലെങ്കിൽ സെമിനാർ ഇന്റേണൽ അസസ്മെന്റിന്റെ ഭാഗമായി വരുന്നുണ്ട്. ഉച്ചാരണശുദ്ധി വൈവവോസി വഴി പരിശോധിക്കാം. ആന്തരബാഹ്യ മൂല്യനിർണയനങ്ങൾക്ക് പാകമായ വിധത്തിൽ പാഠപുസ്തകങ്ങൾ ഉപയോഗിക്കാം.

Scheme of Examination

എ വിഭാഗം 1 മുതൽ 16 വരെ ചോദ്യങ്ങൾ എഴുത്തോല അടിസ്ഥാനമാക്കി നല്കണം. ഒന്നിലധികം ഉത്തരം വരാവുന്നവ ഒഴിവാക്കണം. താഴെക്കാണുന്ന തോതിൽ വേണം ചോദ്യങ്ങൾ.

| | | |
|---|---|---|
| പദശുദ്ധി | - | 4 പദങ്ങൾ |
| വാക്യഘടന | - | 2 എണ്ണം |
| ചിഹ്നം | - | 1 (ഒരു ചിഹ്നം മാത്രം) |
| വാക്കും യുക്തിയും | - | 1 |
| തർജമ | - | 2 |
| കമ്പ്യൂട്ടർ | - | 4 |
| കത്തിടപാടുകൾ | - | 2 |

ബി വിഭാഗം (ഖണ്ഡിക ചോദ്യം)

ഉപന്യാസ മാതൃകയിലുള്ള ചോദ്യം വരുന്ന പാഠഭാഗം ഒഴിവാക്കി ബി.ഡി. വിഭാഗങ്ങളിൽ നിന്നും ചോദ്യങ്ങളുണ്ടാവണം. തർജ്മ ഒഴിവാക്കാനാവാത്തവിധമാണ് ചോദ്യക്രമം നിശ്ചയിച്ചിട്ടുള്ളത്. ഇംഗ്ലീഷ് ദിനപ്പത്രങ്ങളിൽ നിന്നുള്ള വിവാദ സാധ്യതയില്ലാത്ത വാർത്താഭാഗം തർജമയ്ക്കു കൊടുക്കാം. 5 വാക്യം മതിയാവും. കാലികമായ വായനയ്ക്ക് കുട്ടികൾക്ക് ഇത് പ്രേരണയാവുമെന്നു കരുതുന്നു.

18, 19, 20, 21 - നവകത്തിൽ നിന്നുള്ള ചോദ്യങ്ങൾ

22 എഴുത്തോലയിലെ കമ്പ്യൂട്ടർ സംബന്ധമായ ലേഖനങ്ങളിൽ നിന്ന് ഒരെണ്ണം.

23 എഴുത്തോലയിലെ സർഗാത്മക രചന (പത്രവാർത്തകളോ വകലമായ ഗദ്യഭാഗങ്ങളോ കൊടുക്കാം. ഒരു ഖണ്ഡിക)

24. മൂന്നിലൊന്നായി സംഗ്രമിക്കുക.

സി വിഭാഗം

ഒരു പേജിൽ ഉത്തരം

25 നിർബന്ധമായും ഉത്തരമെഴുതേണ്ട ചോദ്യം - കത്ത് / വിദ്യാർത്ഥിജീവിതവുമായി ബന്ധപ്പെട്ട എന്തെങ്കിലും വിഷയം കൊടുക്കണം.

26, 27, 28, 29, 30 : നവ കത്തിലെ ലേഖനങ്ങളിൽ നിന്ന് ഖണ്ഡിക ചോദ്യങ്ങൾ വന്ന പാഠങ്ങൾ ഒഴിവാക്കി ഒന്നും വിട്ടുപോകാതെ ചോദിക്കണം.

ഡി വിഭാഗം

ഉപന്യാസം (4 പേജ്/ 400 വാക്ക്)

- മൂന്നിൽ നിന്നു രണ്ട് എഴുതണം.

31 നവകത്തിൽ നിന്ന് ഒരെണ്ണം (നിർബന്ധമായും ഉത്തരമെഴുതേണ്ട ചോദ്യം)

32, 33 General Essay എഴുത്തോലയിൽ കൊടുത്തിരിക്കുന്ന ഒരു വിഷയത്തോടൊപ്പം വ്യത്യസ്തമായ മറ്റൊന്നുകൂടി കൊടുക്കണം.

# Model Question Paper
## C.B.C.S.S. B.Com (Model I) Degree Examination April 2010
SECOND SEMESTER

Additional Language Malayalam

### ഗദ്യം രചനയും പ്രയോഗവും
ML2A01U

Time: 3 Hours | Maximum Weight: 25

നിർദ്ദേശങ്ങൾ :

1. എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. നാല് ഒബ്ജക്ടീവ് ചോദ്യങ്ങളടങ്ങിയ നാലു ഖണ്ഡങ്ങളാണ് **എ** വിഭാഗത്തിലുള്ളത്. (4x4=16 ചോദ്യങ്ങൾ ഓരോ ഖണ്ഡത്തിലെയും നാലുത്തരങ്ങളും ശരിയാണെങ്കിൽ **എ** ഗ്രേഡും **മൂന്ന്, രണ്ട്, ഒന്ന്** എന്നിങ്ങനെ ശരിയുത്തരങ്ങൾക്കനുസരിച്ച് യഥാക്രമം **ബി, സി, ഡി** ഗ്രേഡുകളും ലഭിക്കും. ഉത്തരമൊന്നും ശരിയല്ലെങ്കിൽ ഇ ഗ്രേഡ് ലഭിക്കും. **ബി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **5** ചോദ്യങ്ങൾക്കുത്തരമെഴുതണം. **സി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **4** ചോദ്യങ്ങൾക്കുത്തരമെഴുതണം. **ഡി** വിഭാഗത്തിൽ നിന്ന് **2** ചോദ്യങ്ങൾക്കുത്തരമെഴുതണം)

എ വിഭാഗം

തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക.

1. ആജാനബാഹു
2. അസ്തമനം
3. യാദൃശ്ചികം
4. ഹാർദ്ദവം

വാക്യഘടന തിരുത്തുക

5. നാലരയ്ക്കുള്ള തീവണ്ടി ഇന്ന് ഉണ്ടായിരിക്കുന്നതല്ല.
6. വൈദ്യുതി ഉത്പാദന വിതരണ രംഗം സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചു.

ചിഹ്നം ചേർക്കുക

7. ശബ്ദം രണ്ടുതരമുണ്ട് വാചകം ദ്യോതകം
8. ഉചിതമായതു തെരഞ്ഞെടുത്തെഴുതുക.

........................ രവി - എം. ടി. .................

a. വയലാർ b. സൂര്യൻ c. പുരുഷൻ d. ഒ.വി. വിജയൻ

1. കഥാകൃത്ത് 2. മണ്ണ് 3. നാലുകെട്ട് 4. വിമല

9. ലിപ്യന്തരണം എന്നാലെന്ത്?
10. മലയാള ശൈലി ഉപയോഗിച്ചെഴുതുക?

Make hay while the sun shines.

11. മലയാളം കമ്പ്യൂട്ടിങ്ങ് പദ്ധതിയുടെ മുദ്രാവാക്യമെന്ത്?
12. കമ്പ്യൂട്ടറിന്റെ പിതാവെന്ന വിശേഷിപ്പിക്കുന്നത് ആരെയാണ്?
13. മലയാളത്തിലെ ആദ്യ ബ്ലോഗിന്റെ പേരെന്ത്?
14. ഇകൊമേഴ്സ് നിർവചിക്കുക.
15. എന്താണു ബ്ലോഗ് രീതി.
16. എൻ.ബി. എന്നതിന്റെ മുഴുവൻ രൂപം എഴുതുക.

(1X4=4)

ബി വിഭാഗം

**ചോദ്യം 17 ഉൾപ്പെടെ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.**

17. ഇംഗ്ലീഷിൽ നിന്നു മലയാളത്തിലേക്കു തർജ്ജമ ചെയ്യുക.

Activists of Political parties and students from coastal Andra and Rayala seema regions staged demonstrations against the Govt. decision protests turned violent in Kadiri Gooty and other towns. The parties also called a bandh in Rayalaseema and coastal Andra regions on Friday. Students in Vishakapatanam observed a black day and called for a two day bandh from monday. Amid the heigh tened political crisis the state cabinet held an emergency meeting.

18. 'അപ്പോൾ അയാൾ ഒരു ആദർശശാലിയായി' വ്യക്തി ആദർശ ശാലിയാകുന്നതിനെക്കുറിച്ച് വി. ടി. യുടെ മതം എന്ത്?

19. 'അപൂർവജീവിയായി മാറിയിരിക്കുന്നു സാധാരണക്കാരൻ എന്ന ഈ കഥ ശ്രദ്ധേയമാണ്. - കഥയെന്ത്?

20. സ്ത്രീകളുടെ ടെലിവിഷൻ ഭ്രമത്തെക്കുറിച്ചുള്ള മലയാളി പുരുഷസമൂഹത്തിന്റെ പുച്ഛം എങ്ങനെയുണ്ടാവുന്നതാണ്.

21. ആനന്ദയുടെ അന്ത്യം എങ്ങനെയായിരുന്നു

22. സർഗാത്മക സാഹിത്യകൃതികളുടെ യന്ത്രപരിഭാഷ സാധ്യമോ എന്ന പ്രശ്നം വിശകലനം ചെയ്യുക.

23. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികയിലെ ഭാഷ ആകർഷകമാകുംവിധം മാറ്റി എഴുതുക.

മാവോയിസ്റ്റുകൾക്കെതിരെയുള്ള ഉപരോധപ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ആക്കം കൂട്ടുകയാണ് നമ്മുടെ ആഭ്യന്തര മന്ത്രിയും ചെയ്യുന്നത്. ഏഴായിരത്തോളം വരുന്ന അർദ്ധസൈനിക വിഭാഗങ്ങളെ ഇക്കാര്യത്തിലേക്കു നിയോഗിക്കുവാനാണ് സർക്കാർ ആലോചിക്കുന്നത്. വനപ്രദേശത്തു തെരച്ചിൽ പ്രവർത്തനം നടത്തുന്നതിന് പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ള സൈനികരെയാണ് ഇതിനുപയോഗിക്കുന്നത്. വളരെ വിപുലമായ ഈ തിരച്ചിൽ പ്രവർത്തനത്തിനൊപ്പം തന്നെ ഗിരിവർഗ വിഭാഗങ്ങൾക്കിടയിൽ വിവിധ ക്ഷേമപ്രവർത്തനങ്ങൾ ശക്തമാക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 7300 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

24. മൂന്നിലൊന്നായി സംഗ്രഹിക്കുക.

ഭോപ്പാൽ സ്റ്റേഷനിൽ നിന്നു ട്രെയിൻ കയറ്റി നാട്ടിലേക്കു വിടുമ്പോൾ കൊച്ചുമോൻ പപ്പയോടു പറഞ്ഞു. 'എല്ലാം വേണ്ടപോലെ ഞാൻ നോക്കിക്കോളാം'

നീണ്ട ട്രെയിൻ യാത്രയ്ക്കുശേഷം ഉണർന്നെണീറ്റപ്പോൾ പപ്പയറിഞ്ഞതു ഭോപ്പാൽ ദുരന്തത്തിന്റെ നടുക്കുന്ന വാർത്ത, കഥയും കവിതയും വർണവും ചേർന്ന ലോകത്ത് ജീവിക്കാനാഗ്രഹിച്ച മകനെ മരണത്തിനു വിട്ടുകൊടുക്കേണ്ടിവന്ന ദുർവിധിയോർത്ത് ഇരുപത്തഞ്ചുവർഷത്തിനപ്പുറവും ആ പപ്പയുടെ നെഞ്ചു നീറുന്നു. വിഷവാതകം ശ്വസിച്ചു മകന്റെ നെഞ്ചു നീറിയ അതേ തീവ്രതയോടെ.

പ്രിയപ്പെട്ട മകന്റെ ഓർമ്മകൾ അസ്തമിക്കാതിരിക്കാൻ ജോർജ് മകന്റെ വിരലടയാളം പതിഞ്ഞതെല്ലാം സൂക്ഷിച്ചുവയ്ക്കുന്നു. നിറങ്ങൾ ചാലിച്ച കാൻവാസായാലും നഷ്ടവസന്തത്തെക്കുറിച്ചു കഥയെഴുതിയ കടലാസായാലും അമിതാഭ് ബച്ചന്റെ ചിത്രങ്ങൾ ഒട്ടിച്ച ആൽബമായാലും എല്ലാം പപ്പയുടെ ഹൃദയത്തോട് ഇപ്പോഴും ചേർന്നിരിക്കുന്നു. സൂക്ഷിച്ചുവച്ച ഫയലിന്റെ നേർത്ത ഇരുമ്പുപട്ടകൾക്കുപോലും തുരുമ്പുപിടിച്ചെങ്കിലും മറ്റാർക്കും തുറക്കാനാകാത്ത അലമാരയിൽ നഷ്ടപ്പെട്ട മകനെക്കുറിച്ചുള്ള ഓർമകൾ തുരുമ്പുപിടിക്കാതെ സജീവം

കൂട്ടുകാരോടൊപ്പം തകർത്തു നടന്ന പത്തൊൻപതുകാരനെ നിർബന്ധപൂർവ്വം പഠിത്തം നിർത്തിച്ചു ഭോപ്പാലിലേക്കു കുടുംബ ബിസിനസ്സിൽ സഹായിക്കാനയച്ച നിമിഷത്തെ ഓർത്ത് ഉരുകുകയാണ് ഇദ്ദേഹം.

ഭോപ്പാലിൽ യൂണിയൻ കാർബൈഡിന്റെ കീടനാശിനി ഫാക്ടറിയിൽ നിന്നു വിഷവാതകം ചോർന്നപ്പോൾ മരിച്ചുവീണ പതിനായിരങ്ങളിൽ ഒരാൾ കൊച്ചുമോനായിരുന്നു. തണുപ്പ് സഹിക്കാൻ കഴിയാത്തതിനാൽ തലേന്നു രാത്രി നിർബന്ധിച്ചു നാട്ടിലേക്കയച്ചു പങ്കുവയ്ക്കാമായിരുന്ന മരണത്തിൽ നിന്നു മകൻ പപ്പയെ സ്നേഹപൂർവ്വം സംരക്ഷിച്ചു.

അഞ്ചുമക്കളിൽ മൂന്നാമനായിരുന്നു കലാകാരനായ കൊച്ചുമോൻ. ഡിസംബർ 16 ജന്മദിനമായതിനാൽ ഡിസംബറിനെ ആകാംക്ഷയോടെ കാത്തിരിക്കുകയായിരുന്നു കൊച്ചുമോൻ. അതേ ഡിസംബറിൽ മരണത്തിന്റെ കൈകൾ ഭോപ്പാൽ മുഴുവൻ തഴുകിയപ്പോൾ കൊച്ചുമോനും വിട.

(1X5=5)

## സി വിഭാഗം

**ചോദ്യം 25 ഉൾപ്പെടെ** ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.

25. താഴെ കൊടുത്തിരിക്കുന്ന സൂചനകൾ വെച്ച് കോളേജ് പ്രിൻസിപ്പലിന് നല്കാനുള്ള ഒരു ഔദ്യോഗിക കത്ത് തയ്യാറാക്കുക.

ഐഡന്റിറ്റി കാർഡ് നഷ്ടപ്പെട്ടു. പകരം ഒന്നു ലഭിക്കണം. ഫീസ് 50 രൂപ ഓഫീസിൽ അടച്ചു രസീത് വാങ്ങി. (സ്ഥല, വ്യക്തിനാമങ്ങൾ ഒഴിവാക്കുക).

26. ഇക്കോഫെമിനസത്തിന്റെ തുടക്കം പ്രധാന ആശയങ്ങൾ എന്നിവ ചുരുക്കി എഴുതുക.
27. സ്ത്രീശാക്തീകരണത്തെപ്പറ്റി ഇ.എം.എസിനുണ്ടായിരുന്ന അഭിപ്രായങ്ങൾ ഏവ.
28. തേൻ വരിക്ക നല്കുന്ന പാരിസ്ഥിതിക വിവക്ഷകളെപ്പറ്റി എഴുതുക.
29. രാത്രി തന്റെ ശ്രോതാവാകുന്നതിനെപ്പറ്റിയുള്ള കെ.പി. അപ്പന്റെ അന്തർഗതങ്ങൾ എന്തെല്ലാമാണ്.
30. അമ്രപാലിയുടെ ജീവിതവും ബുദ്ധന്റെ സന്യാസദർശനവും വിശദമാക്കുക.

(2X4=8)

## ഡി വിഭാഗം

ചോദ്യം 31 ഉൾപ്പെടെ രണ്ടെണ്ണത്തിന് നാനൂറ് വാക്കിൽ (നാലുപേജ്) കവിയാതെ ഉത്തരമെഴുതുക.

31. ഇന്ത്യൻ ഭരണഘടനയിലെ മതേതര സങ്കല്പം വിശദീകരിക്കുക.
32. നീതിവ്യവസ്ഥയും അധോലോകവും
33. ഇലക്ട്രോണിക് മാധ്യമങ്ങളും സംസ്കാരവും

(4X2=8)

**Model Question Paper**
**C.B.C.S.S. - B.A. (Model II ) Degree Examination - April 2010**
**SECOND SEMESTER**

Additional Language Malayalam

## ഗദ്യവും രചനയും, നോവൽ

ML2A01U

**ചോദ്യകർത്താക്കളുടെ ശ്രദ്ധയ്ക്ക്:**

തെറ്റുകൂടാതെ ഭാഷ പ്രയോഗിക്കാനും ആശയങ്ങൾ ആവിഷ്കരിക്കാനും വിദ്യാത്ഥികൾക്കു കഴിവുണ്ടാകണം എന്ന ലക്ഷ്യം മുൻനിർത്തിയാണ് പാഠഭാഗങ്ങൾ നിശ്ചയിച്ചത്. ഇതനുസരിച്ചുതന്നെ ചോദ്യങ്ങളും തയാറാക്കിയിരിക്കുന്നു. കഴിയുന്നത്ര എല്ലാ പാഠഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടാവണം. തർജമ, സംഗ്രഹണം, ഭാഷമാറ്റിയെഴുതൽ മുതലായവയ്ക്കു തെരഞ്ഞെടുക്കുന്ന ഭാഗങ്ങൾ വിവാദപരമാകരുത്.

എ വിഭാഗം

ആദ്യത്തെ രണ്ടുഭാഗം (1–4, 5–8)

സന്തുലനം, തെണ്ടിവർഗം എന്നിവയെ അടിസ്ഥാനമാക്കിയുള്ളവയാണ്. അതിൽത്തന്നെ, പൊതുവായി എഴുതാവുന്ന രീതിയും അവലംബിച്ചിരിക്കുന്നു.

തുടർന്നു വരുന്ന രണ്ടുഖണ്ഡം (9–12, 13–16) എഴുത്തോലയിൽ നിന്നുള്ളവയാണ്. തെറ്റുതിരുത്തൽ, പദയുക്തി, വാക്യഘടന ചിഹ്നം എന്നിവ ഇവിടെ പരീക്ഷിക്കപ്പെടുന്നു.

ബി വിഭാഗം

17. തർജമ (കാലികമായ ഇംഗ്ലീഷ് പത്രവാർത്തകൾ - 5 വാക്യം)
18. സംഗ്രഹം (പത്രം/ വാരിക എന്നിവയിൽ നിന്നെടുക്കാം 1/2 പേജ് എങ്കിലും വേണം)
19. ഭാഷ ആകർഷകമാക്കുക (പത്രറിപ്പോർട്ടുകളിൽ കാണുന്ന വികലതകൾ കൊടുക്കാം.)
20. നോവൽ - 1
21. സോപാനഭജനം (സന്തുലനം)
22. ലളിതാംബിക അന്തർജനം (സന്തുലനം)
23. ചരിത്രം പെണ്ണെഴുതുമ്പോൾ (സന്തുലനം)
24. പ്രകൃതിയിലേക്കുള്ള മടക്കം (സന്തുലനം)

സി വിഭാഗം

ആറിൽ നാലിന് ഉത്തരം

25. ബുദ്ധകഥയിലെ ഒറിയാ പാഠങ്ങൾ (സന്തുലനം)
26. ഇന്ത്യൻ ഭരണഘടന (സന്തുലനം)
27. ഹാസസാഹിത്യം (സന്തുലനം)
28. നോവൽ - തെണ്ടിവർഗം
29. ബ്ലോഗ് (എഴുത്തോല)
30. ഇ-ഗവേണൻസ് (എഴുത്തോല)

ഡി വിഭാഗം

മൂന്നിൽ രണ്ടിന് ഉത്തരം മൂന്നു പുസ്തകങ്ങളിൽ നിന്നും ചോദ്യം വേണം. സന്തുലനത്തിൻ നിന്ന് ഉപന്യാസചോദ്യം വരുന്ന പാഠഭാഗത്തുനിന്ന് ചെറുചോദ്യങ്ങൾ (ഖണ്ഡിക ഒരു പേജ്) ഒഴിവാക്കണം.

31. സന്തുലനം
32. എഴുത്തോല : ഉപന്യാസരചന
33. നോവൽ തെണ്ടിവർഗം

# Model Question Paper

## C.B.C.S.S. BA (Model II) Degree Examination April 2010

## SECOND SEMESTER

Additional Language Malayalam

## ഗദ്യവും രചനയും, നോവൽ

ML2A01U

Time: 3 Hours                                                                 Maximum Weight: 25

നിർദ്ദേശങ്ങൾ :

1. എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. നാല് ഒബ്ജക്ടീവ് ചോദ്യങ്ങളടങ്ങിയ നാലു ഖണ്ഡങ്ങളാണ് **എ** വിഭാഗത്തിലുള്ളത്. (4x4=16 ചോദ്യങ്ങൾ ഓരോ ഖണ്ഡത്തിലെയും നാലുത്തരങ്ങളും ശരിയാണെങ്കിൽ **എ** ഗ്രേഡും **മൂന്ന്, രണ്ട്, ഒന്ന്** എന്നിങ്ങനെ ശരിയുത്തരങ്ങൾക്കനുസരിച്ച് യഥാക്രമം **ബി, സി, ഡി** ഗ്രേഡുകളും ലഭിക്കും. ഉത്തരമൊന്നും ശരിയല്ലെങ്കിൽ ഇ ഗ്രേഡ് ലഭിക്കും. **ബി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും 5 ചോദ്യങ്ങൾക്കുത്തരമെഴുതണം. **സി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും 4 ചോദ്യങ്ങൾക്കുത്തരമെഴുതണം. **ഡി** വിഭാഗത്തിൽ നിന്ന് 2 ചോദ്യങ്ങൾക്കുത്തരമെഴുതണം)

എ വിഭാഗം

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ഗീതഗോവിന്ദം രചിച്ചതാര്?
   ജയദേവകവി, ഞെരളത്തുരാമപ്പൊതുവാൾ, രവീന്ദ്രനാഥടാഗോർ, ജി.ശങ്കരക്കുറുപ്പ്
2. ഇന്ത്യൻ ഭരണഘടന പാസാക്കിയ വർഷം
   1947, 1949, 1950, 1952
3. ഫുക്കുവോക്കയുടെ കൃതി
   ഹരിതഭൂമി, പ്രകൃതിയും മനുഷ്യനും, പ്രകൃയിലേക്കു മടക്കം, ഒറ്റ വൈക്കോൽ വിപ്ലവം.
4. ലളിതാംബിക അന്തർജനത്തിന്റെ ആദ്യ കവിത
   അഗ്നിസാക്ഷി, പാർത്ഥസാരഥി, മാണിക്യൻ, മകളോട്
5. വിദേശ ഭാഷകളിലേക്ക് ഏറ്റവുമധികം വിവർത്തനം ചെയ്യപ്പെട്ട നോവൽ
   ചെമ്മീൻ, നാലുകെട്ട്, ആരണ്യക്, കർണൻ
6. സാഹിത്യപ്രവർത്തക സംഘം പുറത്തിറങ്ങിയ ആദ്യ നോവൽ
   പാടാത്ത പൈങ്കിളി, തകഴിയുടെ കഥകൾ, ഇന്ദുലേഖ, ആധ്യാത്മക രാമായണം.
7. വി.ടി. ഭട്ടതിരിപ്പാടിന്റെ ആത്മകഥ
   ജീവിതപ്പാത, മനസാ സ്മരാമി, കണ്ണീരും കിനാവും, സോപാനം.
8. ബുദ്ധൻ അന്ത്യശ്വാസം വലിച്ച സ്ഥലം
   ലുംബിനി, കുശിനഗർ, പാടലീപുത്രം, കലിംഗം.

തെറ്റുണ്ടെങ്കിൽ തിരുത്തുക.

9. നിഖണ്ഡു
10. ഹാർദ്ദവം
11. അജഗജാന്തര വ്യത്യാസം
12. ശബ്ദമുഖരിതമായ അന്തരീക്ഷം

13. ചേരുംപടി ചേർക്കുക.

.......... : കാക്ക - പാമ്പ് : ..................

a) കറുപ്പ് b) കുയിൽ c) പൂച്ച d) അവശിഷ്ടം

1) മാളം 2) മാണിക്യം3) അണലി 4) കീരി

14. ചിഹ്നം ചേർക്കുക

ആഫ്രോ ഏഷ്യൻ രാജ്യങ്ങൾ

വാക്യഘടനയിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക

15. നാലരയ്ക്കുള്ള വണ്ടി ഇന്നുണ്ടായിരുന്നതല്ല.

16. ശരീരം സുഗന്ധപൂരിതമാക്കുകയും ചർമത്തിനു മൃദുത്വം നല്കുന്ന എണ്ണ.

(1x4=4)

ബി വിഭാഗം

ചോദ്യം 17 ഉൾപ്പെടെ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.

17. മലയാളത്തിലേക്കു തർജമ ചെയ്യുക.

Work on the development of the Kottayam-Kumarakom-Thanneermukkom road was formally inaugurated by Minister for Public Works P. J. Joseph here on Thursday.

Speaking on the occasion Mr. Joseph hoped that this would be the beginning of the development of infrastructure in Kottayam town and adjoining areas, which had witnessed a freesze in road development for decades owing to various reasons.

The Kotayam-Kumarakom Road would be widened and extended to Thanneermukkom. This will connect Kottayam directly to Kochi via Cherthala bringing down the travelling time by nearly one hour, he said. The road will also offer better connection to Kumarakom, a favourite tourism destination, benefiting the tourism industry.

18. മൂന്നിലൊന്നായി സംഗ്രഹിക്കുക.

വീടുകൾക്ക് ആത്മാവുണ്ടോ?

ഉണ്ടെന്നു വിശ്വസിക്കാനാണ് എനിക്ക് താല്പര്യം. സ്നേഹവും വിയർപ്പും കണ്ണീരും സമാസമം ചാലിച്ചു പടവുകൾ കെട്ടിയുയർത്തുമ്പോൾ ഒരുക്കപ്പെടുന്നത് സമാധാനത്തിന്റെ താവളങ്ങളാകണം.

കേരളത്തിലെ പഴയ നല്ല വീടുകളിൽ പലതും പൊളിച്ചുമാറ്റപ്പെട്ടു കഴിഞ്ഞു. പലതും ഭീഷണി നേരിടുന്നു. മിക്കപ്പോഴും ബലത്തിന്റെയും ആയുസ്സിന്റെയും സൗന്ദര്യത്തിന്റെയും പേരിലാണ് ഈ ആസൂത്രിത കൊല നടപ്പാക്കുന്നത്.

വളരെ ലളിതമായ ചില എൻജിനീയറിങ് ഇടപെടലുകൾ കൊണ്ടു മുറികളുടെ വിസ്താരം കൂട്ടാനും സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കാറ്റും വെളിച്ചവും യഥേഷ്ടം ഉൾത്തളങ്ങളിൽ നിറയ്ക്കാനും കഴിയും. മുഖശ്രീ കൂട്ടാൻ ചില പൊടിക്കൈകളുണ്ട്; ബലക്ഷയത്തെ നേരിടാനും.....

എന്നെ സമീപിക്കുന്ന പലരെയും പിന്തിരിപ്പിക്കുന്നത് നമ്മുടെ പൂർവപിതാക്കളുടെ കാര്യം പറഞ്ഞിട്ടാണ്. അച്ഛനുമമ്മയ്ക്കും സൗകര്യം ലേശം കുറഞ്ഞെന്ന കാരണം പറഞ്ഞ് അവരെ നാം പുറത്താക്കുമോ? പഴയ കെട്ടിടങ്ങളിൽ അവരുടെ നിശ്വാസങ്ങൾ കൂടുകെട്ടിയിരിക്കണം. കടുത്ത ക്ലേശങ്ങൾ സഹിച്ചാവണം അന്നത്തെ കാലത്ത് ആ വീടുകൾ പണിഞ്ഞിട്ടുണ്ടാവുക. അവരുടെ വാർധക്യകാലത്ത്, തീർത്തും നിസ്സഹായരായിരിക്കുമ്പോൾ, ആ കണ്ണുനീർ മുത്തുകൾ മായ്ക്കുന്നതു പാപമാണെന്നു നാം വിശ്വസിക്കണം; വീടുകൾക്കു ജീവനുണ്ടെന്നും....

നമ്മുടെ നാട്ടിൽ ഒരു വീടിന്റെയും ജനാലകൾ ഞായറാഴ്ചകളിൽ പോലും തുറക്കപ്പെടുന്നില്ല. റോഡിലുയരുന്ന പൊടിശല്യം, സുരക്ഷിതത്വം- അതുമല്ലെങ്കിൽ കൊതുകിന്റെയും ഈച്ചയുടെയും കാര്യങ്ങൾ പറഞ്ഞു നാം ഈ വാതായനങ്ങൾ

തുറക്കുന്നില്ല. മനസ്സിന്റെ വാതിലുകൾ കെട്ടിയടച്ചു സ്വാർത്ഥതയുടെ ലോകത്തു നാം ജീവിതം ആഘോഷിച്ചുതീർക്കുന്നു. ജീവന്റെ ഉപ്പും പച്ചയും കാറ്റിന്റെ സുഗന്ധവും കവിഭാവനയിൽ മാത്രം ഉണർന്നിരിക്കുന്നു.

19. ഭാഷ ആകർഷകമാക്കുക.

അമേരിക്കയിൽ പിടിയിലായ ഹെഡ്‌ലി റാണ എന്നിവരെപ്പറ്റിയുള്ളതായ അന്വേഷണം എങ്ങും എത്താതിരിക്കുന്നതിന്റെ കാരണം അന്വേഷണ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയാണെന്നതാണ് പലരും പറഞ്ഞു കേൾക്കുന്നത്. എഫ്.ബി.ഐ. സംഘം ഉടൻ സത്വരം ഇന്ത്യയിലേക്കു വീമാനത്തിൽ പറന്നെത്തുമെന്നാണ് രഹസ്യാന്വേഷണ ഉദ്യോഗസ്ഥർ പറയുന്നത്. ഇന്ത്യയിൽ ഭീകരാക്രമണം തുടങ്ങാൻ പദ്ധതിയിടുന്നതിനെപ്പറ്റി ആലോചിക്കാനാണ് ഇവർ അമേരിക്കയിൽ ഒത്തുകൂടിയത്. എഫ്.ബി.ഐ. നല്കിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് അന്വേഷിച്ചപ്പോൾ പല രഹസ്യങ്ങളും പുറത്തുവന്നുകൊണ്ടിരിക്കുന്നത്.

20. 'അവൾ ഒരു പരാജയപ്പെട്ട തെണ്ടി'യായതെങ്ങനെ?
21. എന്താണു സോപാന സംഗീതം ?
22. 'ഇവയൊക്കെ കാലത്തെ അതിജീവിച്ച് അന്തർജനത്തെ അമരത്വത്തിലേക്ക് നയിക്കുകതന്നെ ചെയ്യും' - ഏവ?
23. മുഖ്യധാര ചരിത്രത്തെ സ്ത്രീകൾ പുരുഷധാരാചരിത്രമെന്നു വിളിച്ചതെന്ത്?
24. വാനപ്രസ്ഥത്തിലെ ദാന്തതയെപ്പറ്റി എഴുതുക.

(1 x 5 = 5)

## സി വിഭാഗം

താഴെകൊടുത്തിരിക്കുന്ന ഏതെങ്കിലും നാല് ചോദ്യത്തിന് ഒരു പേജിൽ (100 വാക്ക്) ഉത്തരമെഴുതുക.

25. കപിലേശ്വർ ക്ഷേത്ര സമുച്ചയത്തിന്റെ വാസ്തുശൈലിയുടെ പ്രത്യേകതയെന്ത്?
26. ഇന്ത്യൻ ഭരണഘടനയിലെ മതേതര സങ്കല്പത്തെപ്പറ്റി എഴുതുക.
27. കേവലഹാസ്യം സോദ്ദേശസാഹിത്യം എന്നിവ നിർവചിക്കുക.
28. കേശുവിനുണ്ടായ മാനസിക പരിവർത്തനത്തിന്റെ പശ്ചാത്തലമെന്ത്?
29. മലയാളത്തിലെ ബ്ലോഗിങ്ങിനെക്കുറിച്ചെഴുതുക.
30. ഇഗവേണൻസ് ജനങ്ങൾക്ക് എങ്ങനെ ഉപകാരപ്പെടുന്നു.

(2 x 4 = 8)

## ഡി വിഭാഗം

താഴെപ്പറയുന്നവയിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് 4 പുറത്തിൽ (400 വാക്ക്) ഉത്തരമെഴുതുക.

31. ഇന്ത്യാ വിഭജനത്തിന് ബ്രിട്ടീഷുകാർ സ്വീകരിച്ച തന്ത്രം എന്തായിരുന്നു? മതലഹള ശമിപ്പിക്കാൻ ഗാന്ധിജി ഉപദേശിച്ച തത്ത്വങ്ങൾ ഏവ - ഉപന്യസിക്കുക.
32. മാധ്യമങ്ങളിലെ സ്ത്രീ.
33. സാമൂഹ്യ നോവൽ എന്ന നിലയിൽ തെണ്ടിവർഗം വിശകലനം ചെയ്യുക.

(4 x 2 = 8)

**Model Question Paper**
**C.B.C.S.S. - B.Sc (Model II ) Degree Examination - April 2010**
**SECOND SEMESTER**
**Additional Language Malayalam**
**ML 2 A 01 U**

# ഗദ്യം, രചന

## ചോദ്യകർത്താക്കളുടെ ശ്രദ്ധയ്ക്ക്

വിദ്യാർത്ഥികളുടെ സർഗശേഷി വർധിപ്പിക്കാനുതകുന്ന പാഠഭാഗങ്ങളാണ് സിലബസിലുള്ളത്. ഇന്റേണൽ അസസ്മെന്റിന്റെ ഭാഗമായി ചെയ്യാവുന്ന ചില കാര്യങ്ങൾ : വൈവാ വോസിക്ക് എഴുത്തോലയിലെ പാഠങ്ങൾ ഉപയോഗിക്കാം - ഉച്ചാരണ ശുദ്ധി ബ്ലോഗിംഗ്, ഇ കൊമേഴ്സ് തുടങ്ങിയവ. ബ്ലോഗ് നിർമാണം ചെറിയ ഗ്രൂപ്പുകളായി തിരിച്ച് അസൈൻമെന്റാക്കാം.

തർജമ, സംഗ്രഹണം, ഭാഷ ആകർഷകമാക്കൽ മുതലായവയ്ക്കു കൊടുക്കുന്ന ഭാഗങ്ങൾ വിവാദപരമാകരുത്. ആനുകാലിക പത്രവാർത്തകളോ വാരിക-മാസികാദികളോ മേൽപറഞ്ഞവയ്ക്ക് ആധാരമാക്കാവുന്നതാണ്. ഒരു പാഠവും വിട്ടുപോകാത്തവിധം ചോദ്യങ്ങളുണ്ടാകണം.

എ വിഭാഗം

ആദ്യത്തെ രണ്ടു ഭാഗം 1-4, 5-8) തരംഗത്തിൽ നിന്നുള്ളവയാണ്. അവ പൊതുവായ രീതിയിൽ എഴുതാവുന്ന വിധത്തിലുള്ളവയാണ്. തുടർന്നു വരുന്ന രണ്ടു ഖണ്ഡം (9 - 12, 13 - 16) എഴുത്തോലയിൽ നിന്നു കൊടുക്കണം.

പദശുദ്ധി, പദയുക്തി, ചിഹ്നനം, വാക്യഘടന എന്നിവയിൽ നിന്നുള്ള ചോദ്യങ്ങളാണ് ഇവിടെ കൊടുത്തിരിക്കുന്നത്.

ബി വിഭാഗം

ചോദ്യം 17 - 24 എട്ടിൽ അഞ്ചിന് ഉത്തരമെഴുതണം. തർജമ Complsory ആണ്. തർജമാഭാഗം ഇംഗ്ലീഷ് ദിനപത്രങ്ങളിൽ നിന്നെടുക്കാം. ചോദ്യം 18, 19 എന്നിവയ്ക്കും ആനുകാലികങ്ങളെ ആശ്രയിക്കാവുന്നതാണ്. ഇത് സമകാല വായനയ്ക്ക് കുട്ടികൾക്കു പ്രചോദനമായേക്കാം.

20. കെട്ടിട പ്രതാപം (തരംഗം)
21. തുമ്പപ്പൂപെയ്യുന്ന പൂനിലാവേ (തരംഗം)
22. വേദനപ്പെടുന്നവരുടെ അമ്മ (തരംഗം)
23. നാടകകല
24. ഓർമ്മകൾ ചന്ദനഗന്ധം പോലെ (ഒരു ചോദ്യമെങ്കിലും ഈ കൃതിയിൽനിന്നു ബി വിഭാഗത്തിലുണ്ടായിരിക്കണം).

സി വിഭാഗം

ചോദ്യം 25 മുതൽ 30 വരെ - ആറിൽ നാലിന് ഉത്തരം - ഒരു പേജ് (നൂറ് വാക്ക്)

25. ഓസോൺ പാളി തുളയുന്നതാർക്കുവേണ്ടി (തരംഗം)
26. സാധുജനപരിപാലനസംഘവും ............. (തരംഗം)
27. വിമോചനത്തിന്റെ നൃത്തം
28. ഓർമകൾ ചന്ദനഗന്ധം പോലെ (സ്മരണകൾ)

ഒരു ചോദ്യമെങ്കിലും സി വിഭാഗത്തിൽ കൊടുക്കണം)

29. ഇ കൊമേഴ്സ് (എഴുത്തോല)
30. ഇ ഗവേണൻസ്(എഴുത്തോല)

ഡി വിഭാഗം

ഉപന്യാസം 4 പേജ് (400 വാക്ക്) മൂന്നിൽ രണ്ടിന് ഉത്തരം.

എല്ലാ പുസ്തകങ്ങളിൽ നിന്നും ചോദ്യമുണ്ടാവണം. തരംഗത്തിൽ നിന്ന് ഉപന്യാസം ചോദിക്കുന്ന പാഠഭാഗത്തു നിന്ന് ഖണ്ഡിക ഒരു പേജ് ചോദ്യങ്ങൾ ഒഴിവാക്കണം. എല്ലാ പാഠങ്ങളെയും ഉൾക്കൊള്ളിക്കാൻ ഇങ്ങനെ കഴിയും.

31. ഭരണഘടനയും മതേതര രാഷ്ട്രവും (തരംഗം)
32. എഴുത്തോല പേജ് 54
33. ഓർമകൾ ചന്ദനഗന്ധം പോലെ

# Model Question Paper
## C.B.C.S.S. - B.Sc (Model II ) Degree Examination - April 2010
## SECOND SEMESTER
## Additional Language Malayalam
## ഗദ്യം, രചന

Time: 3 Hours Maximum Weight: 25

നിർദ്ദേശങ്ങൾ :

1. എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. നാല് ഒബ്ജക്ടീവ് ചോദ്യങ്ങളടങ്ങിയ നാലു ഖണ്ഡങ്ങളാണ് **എ** വിഭാഗത്തിലുള്ളത്. (4x4=16 ചോദ്യങ്ങൾ ഓരോ ഖണ്ഡത്തിലെയും നാലുത്തരങ്ങളും ശരിയാണെങ്കിൽ **എ** ഗ്രേഡും **മൂന്ന്, രണ്ട്, ഒന്ന്** എന്നിങ്ങനെ ശരിയുത്തരങ്ങൾക്കനുസരിച്ച് യഥാക്രമം **ബി, സി, ഡി** ഗ്രേഡുകളും ലഭിക്കും. ഉത്തരമൊന്നും ശരിയല്ലെങ്കിൽ ഇ ഗ്രേഡ് ലഭിക്കും. **ബി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **5** ചോദ്യങ്ങൾക്കുത്തരമെഴുതണം. **സി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **4** ചോദ്യങ്ങൾക്കുത്തരമെഴുതണം. **ഡി** വിഭാഗത്തിൽ നിന്ന് **2** ചോദ്യങ്ങൾക്കുത്തരമെഴുതണം)

### എ വിഭാഗം

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. ‘ഇവിടമാണധ്യാത്മവിദ്യാലയം’ എന്നെഴുതിയ കവി
   തിരുനൈനാർ കുറിച്ചി, ആശാൻ, ഉള്ളൂർ, വള്ളത്തോൾ
2. വാരാണസിയുടെ എഴുതപ്പെട്ട ചരിത്രം എന്നുമുതൽ തുടങ്ങുന്നു.
   എ.ഡി. 52, ബി.സി. 700, ബി.സി. 3000, എ.ഡി. 425
3. ഡൊണാൾഡ് സ്മിത്ത് എന്തിന്റെ വക്താവാണ്
   ഏകാധിപത്യം, വിപ്ലവം, മതാധിപത്യം, സെക്കുലറിസം.
4. സാധുജനപരിപാലനസംഘം സ്ഥാപിതമായ വർഷം
   1905, 1825, 1907, 1921.

**ഒരു വാകൃത്തിൽ ഉത്തരമെഴുതുക.**

5. മാധിവക്കുട്ടിയുടെ സർഗാത്മകത വിമോചനത്തിന്റെ നൃത്തമാകുന്നതെപ്പോൾ?
6. ലോകത്തെവിടെയും ദൃശ്യകലകൾ ഉടലെടുത്തത് എന്തുമായി ബന്ധപ്പെട്ടാണ്?
7. ലളിതാംബിക അന്തർജനം വിധിബലമെന്ന കഥയെഴുതിയത് ഏതു സാമൂഹികാനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്.
8. പരിസ്ഥിതിയും വികസനവും ഒരുമിച്ചുകൊണ്ടുപോകണമെങ്കിൽ ചോദിക്കേണ്ടതെന്ത്?

**പദശുദ്ധി പരിശോധിക്കുക**

9. ദൈന്യത
10. ബഹുഭാര്യാത്വം
11. ഐക്യമത്യം
12. കുടിശിഖ

**ചേരുംപടി ചേർക്കുക.**

13. .......... : രാജാവ് – പടയാളി .......... :
    a. കിരീടം b. സിംഹാസനം c. കൊട്ടാരം d. മന്ത്രി
    1. സേനാനായകൻ 2. യുദ്ധം 3. ആയുധം 4. പടച്ചട്ട

14. ചിഹ്നം ചേർക്കുക.
യുദ്ധം തുടങ്ങി സാധനങ്ങൾക്ക് വിലയും കൂടി
15. വാക്യഘടനയിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.
താൻ കഴിഞ്ഞ അൻപത് വർഷമായി നടത്തിയിരുന്ന അഴിമതി അവസാനിപ്പിച്ചതായി മന്ത്രി അവകാശപ്പെട്ടു.
16. ഒട്ടേറെ ആളുകൾ നിത്യവും രാവിലെ പതിവായി നടക്കാറുണ്ട്.

1 x 4 = 4

## ബി വിഭാഗം

ചോദ്യം 17 ഉൾപ്പെടെ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.

17. **മലയാളത്തിലേക്ക് പരിഭാഷ ചെയ്യുക.**

The committee set up by the Health department to study the health hazards of Endosulfan has reiterated the need for epidemiological studies in the village of Kasargod district affected by the pesticide.
Such studies had been recommended by other committees which looked into the problem in the past also. However, no action had been taken for years.
Doctors from the Kozhikode Medical College who conducted the study, said that adequate data was not available on the patients' condition. According to available information, no vocational or social rehabilitation was provided to the victims except medical rehabilitation.

18. **മൂന്നിലൊന്നായി സംഗ്രഹിക്കുക.**

ലോകത്തിലെ ഏറ്റവും വലിയ വ്യാവസായിക ദുരന്തമായ ഭോപ്പാൽ വാതകദുരന്തത്തിനും നീതിക്കായുള്ള റഷീദാബിയുടേയും ചമ്പാദേവിയുടേയും നിരന്തര പോരാട്ടത്തിനും 25 വയസ്സ് പൂർത്തിയാകുന്നു.
1984 ഡിസംബർ 3 ന് അർദ്ധരാത്രിയ്ക്ക് യൂണിയൻ കാർബൈഡ് ഫാക്ടറിയിൽ നിന്നും വിഷപ്പുക ഉയരുന്നതുവരെ അധികമാരും അറിയാതെ ഭോപ്പാലിൽ വീടിനുള്ളിൽ തന്നെ ഒതുങ്ങിക്കഴിഞ്ഞതാണിരുവരും. ഉറങ്ങിക്കിടന്ന ജനങ്ങളുടെ ഉള്ളിലേക്ക് മാരകവിഷം പടർന്നുകയറിയതോടെ ആയിരക്കണക്കിന് പേരാണ് ഭോപ്പാലിൽ മരണത്തിന് കീഴടങ്ങിയത്.
ദുരന്തത്തിനിരയായി മരിച്ചു ജീവിക്കുന്നവരുടെ അവകാശപോരാട്ടത്തിൽ പങ്കാളിയാകുന്നതോടെയാണ് ഇവർ പൊതു ശ്രദ്ധയിൽ വരുന്നത്. ദുരന്തത്തിനിരയായവരുടെ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചെങ്കിലും മാന്യമായ നഷ്ടപരിഹാരമോ ചികിത്സയോ നൽകാൻ കമ്പനിക്കും സർക്കാരിനും കഴിയാതെ വന്നതോടെ ചമ്പാദേവിയും റിഷീദാബീയും മുൻകൈയെടുത്ത് ഭോപ്പാൽ ഗ്യാസ് പീഡിത് മഹിളാസ്റ്റേഷനറി കർമ്മചാരി സംഘ് എന്ന സംഘടന രൂപീകരിച്ചു. വാതക ദുരന്തത്തിന് ഇരയായ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ഇവർ സമൂഹത്തിന്റെ മുന്നിലെത്തിച്ചു. 25 വയസ്സാകുമ്പോൾ ആർത്തവ വിരാമം സംഭവിക്കുന്ന പ്രശ്നമെങ്കിൽ ഗർഭം ധരിക്കാതിരിക്കുന്നതും പ്രസവിച്ചാൽ തന്നെ നിരവധി അംഗവൈകല്യത്തോടെ ജനിക്കുന്ന കുട്ടികൾ ഭോപ്പാലിലെ അമ്മമാരുടെ തീരാത്ത സങ്കടമായി മാറുകയായിരുന്നു. അംഗവൈകല്യമുള്ള കുട്ടികളെ പ്രസവിക്കുമെന്ന ഭയം മൂലം പെൺകുട്ടികളെ വിവാഹം കഴിക്കാൻ പോലും പുരുഷന്മാർ തയ്യാറല്ല. വിഷവാതക ദുരന്തം പ്രത്യുല്പാദന ശേഷിയെ ബാധിച്ചോ എന്നറിയാൻ ഗവേഷണം പോലും ഇന്നേവരെ സർക്കാർ നടത്തിയിട്ടില്ല.

19. **ഭാഷ ആകർഷകമാക്കുക.**

അപകടം നടക്കുമ്പോൾ ബസ് വളവുതിരിയുകയായിരുന്നു. ടിപ്പർലോറി പെട്ടെന്ന്

പാഞ്ഞുവരികയായിരുന്നു. ബസ്സിൽ നിറയെ യാത്രക്കാരുണ്ടായിരുന്നു. സ്കൂൾ വിട്ട് വന്നവരും ഓഫീസ് വിട്ട് വന്നവരും തിക്കിത്തിരക്കി കയറി നിൽക്കുകയായിരുന്നു. ഫുട്ബോർഡിൽ നിന്ന് കണ്ടക്ടർ റോഡിലേക്ക് തെറിച്ചുവീഴുകയായിരുന്നു. എങ്ങനെയാണ് കൂട്ടിയിടിഉണ്ടായതെന്ന് ആർക്കും അറിഞ്ഞുകൂടായിരുന്നു.

20. പഴയ ഭവനങ്ങളുടെ ജീർണതയ്ക്കും നാശത്തിനും ഇടയാക്കിയ സാമൂഹിക മാറ്റത്തെപ്പറ്റി എഴുതുക.
21. 'ആത്മ വിദ്യാലയമേ' എന്നു തുടങ്ങുന്ന ഗാനത്തിന്റെ ഭാവാത്മകതയെപ്പറ്റി എഴുതുക.
22. 'ചിലപ്പോൾ മറന്നു നടന്നാലും മക്കൾ അമ്മയിലേക്കു തിരിച്ചു വരും' - ഈ പ്രസ്താവനയുടെ സാംഗത്യമെന്ത്?
23. 'തീയറ്റർ' നിർവചിക്കുക.
24. കാരൂർ നീലകണ്ഠപിള്ളയെ ജോലിയിൽ നിന്നു പിരിച്ചുവിട്ട സാഹചര്യം വിശദമാക്കുക.

1 x 5 = 5

## സി വിഭാഗം

**താഴെ പറയുന്നവയിൽ ഏതെങ്കിലും നാലെണ്ണത്തിന് ഒരു പേജിൽ (100 വാക്ക്) ഉത്തരമെഴുതുക.**

25. ഓസോൺ പാളികൾ ഛിന്ന ഭിന്നമാകുന്നതോടെ മനുഷ്യന്റെ നിലനില്പ് അപകടത്തിലാകുമെന്നു പറയുന്നതെന്തുകൊണ്ട്.
26. കൊച്ചി പ്രദേശത്തുണ്ടായ പുലയ നവോത്ഥാനത്തെപ്പറ്റി എഴുതുക.
27. 'ജീവിതത്തിന്റെ ലിപികൾ കൊണ്ട് കല എഴുതിയ മലയാളി മാധവിക്കുട്ടിയാണ്' - വിശദീകരിക്കുക.
28. കാരൂർ വാധ്യാർ കഥകളെഴുതിയതു മന:പൂർവ്വമാണെന്ന് പറയുന്നതെന്തുകൊണ്ട്?
29. ഇ-കൊമേഴ്സിന്റെ സാദ്ധ്യതകൾ വിവരിക്കുക.
30. ഇ-ഗവേണൻസ് എങ്ങനെ ജനോപകാരപ്രദമാക്കുന്നു.

2 x 4 = 8

## ഡി വിഭാഗം

**ഏതെങ്കിലും രണ്ടെണ്ണത്തിന് നാലുപുറത്തിൽ ഉത്തരമെഴുതുക (4 പേജ്)**

31. ഇന്ത്യൻ ഭരണഘടനയിലെ മതേതര സങ്കല്പം വിവരിക്കുക.
32. പരിസ്ഥിതിയും പുരോഗതിയും
33. സാഹിത്യപ്രവർത്തക സഹകരണ സംഘം രൂപീകരിക്കുന്നതിൽ കാരൂർ വഹിച്ച പങ്ക് വിശദീകരിക്കുക; ഇന്ന് സംഘത്തിന്റെ അവസ്ഥയെന്ത്?

4 x 2 = 8

**Model Question Paper**
**C.B.C.S.S. - B.Com. (Model II ) Degree Examination - April 2010**
**SECOND SEMESTER**
**Additiona Language Malayalam**
**Scheme of Qns.**
**ML 2 A01 U**

# ഗദ്യം, രചന, യാത്രാവിവരണം

## ചോദ്യകർത്താക്കളുടെ ശ്രദ്ധയ്ക്ക്

എ വിഭാഗം : 16 ചോദ്യങ്ങൾ

ചോദ്യം 1 മുതൽ 8 വരെ തരംഗം (ലേഖന സമാഹാരം) പൊതുസ്വഭാവമുള്ള ചോദ്യങ്ങൾ

**9 – 16 എഴുത്തോല**

ബി വിഭാഗം 17 മുതൽ 24 വരെ ഒരു ഖണ്ഡിക (50 വാക്ക്)എട്ടിൽ അഞ്ചിന് ഉത്തരമെഴുതണം

ചോദ്യം 17 തർജമ ഇംഗ്ലീഷിൽ നിന്നു മലയാളത്തിലേക്ക് 5/6 വാക്യം പത്രവാർത്ത

18 യാത്രാവിവരണം : മഞ്ഞുമലകളിൽ മോക്ഷം തേടി ഒരു ചോദ്യം

19–23 തരംഗത്തിൽ നിന്ന് 5 ചോദ്യം

24 എഴുത്തോല (പദവാക്യശുദ്ധികളും ചിഹ്നനവും) 1 ചോദ്യം

സി വിഭാഗം 25 മുതൽ 30 വരെ

ആറിൽ നാലിന് ഒരു പേജിൽ ഉത്തരം/ (100 വാക്ക്)

25 എഴുത്തോല : കത്ത് / നിവേദനം / അപേക്ഷ ഒരു ചോദ്യം

26 യാത്രാവിവരണം : മഞ്ഞുമലകളിൽ മോക്ഷം തേടി ഒരു ചോദ്യം

27 – 30 തരംഗം : 4 ചോദ്യം

ഡി വിഭാഗം : ഉപന്യാസം

നാലുപേജ് / 400 വാക്ക്

31 : എഴുത്തോല

32 : തരംഗം (ഉപന്യാസം ചോദിക്കുന്ന പാഠത്തിൽ നിന്ന് അരപേജ്, ഒരു പേജ് ചോദ്യങ്ങൾ ഒഴിവാക്കണം.

33 : യാത്രാവിവരണം

ലേഖനസമാഹാരത്തിലെ ഒരു പാഠവും വിട്ടുപോകരുത്.

**Model Question Paper**

**C.B.C.S.S - B.Com (Model II)Degree Examination April2010**

**Semester 2**

**Additiona Language Malayalam**

**ML 2 A01 U**

## ഗദ്യം, രചന, യാത്രാവിവരണം

Time: 3 Hours Maximum Weight: 25

നിർദ്ദേശങ്ങൾ :

1. എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. നാല് ഒബ്ജക്ടീവ് ചോദ്യങ്ങളടങ്ങിയ നാലു ഖണ്ഡങ്ങളാണ് **എ** വിഭാഗത്തിലുള്ളത്. (4x4=16 ചോദ്യങ്ങൾ ഓരോ ഖണ്ഡത്തിലെയും നാലുത്തരങ്ങളും ശരിയാണെങ്കിൽ **എ** ഗ്രേഡും **മൂന്ന്, രണ്ട്, ഒന്ന്** എന്നിങ്ങനെ ശരിയുത്തരങ്ങൾക്കനുസരിച്ച് യഥാക്രമം **ബി, സി, ഡി** ഗ്രേഡുകളും ലഭിക്കും. ഉത്തരമൊന്നും ശരിയല്ലെങ്കിൽ ഇ ഗ്രേഡ് ലഭിക്കും. **ബി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **5** ചോദ്യങ്ങൾക്കുത്തരമെഴുതണം. **സി** വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **4** ചോദ്യങ്ങൾക്കുത്തരമെഴുതണം. **ഡി** വിഭാഗത്തിൽ നിന്ന് **2** ചോദ്യങ്ങൾക്കുത്തരമെഴുതണം)

### എ വിഭാഗം

**ശരിയായതു തെരഞ്ഞെടുത്തെഴുതുക.**

1. സാധുജനപരിപാലന സംഘം സ്ഥാപിതമായ വർഷം
   1902 1907 1923 1925
2. കണ്ണുനീർത്തുള്ളിയുടെ കർത്താവ്
   സഞ്ജയൻ, നാലപ്പാട്ടു നാരായണമേനോൻ, ലളിതാംബിക അന്തർജ്ജനം, മാധവിക്കുട്ടി
3. ലോകത്തിലെ ആദ്യലിഖിത ഭരണഘടന ഏത്
   അമേരിക്കൻ, ബ്രിട്ടീഷ്, ഇന്ത്യൻ, റഷ്യൻ
4. 'ഭൂമിയെന്നതുപോലെ ഭൈമിയും ചേരുമെന്നിൽ - ഏതു കൃതിയിലുള്ളതാണ്
   നളചരിതം ആട്ടക്കഥ, കല്യണ സൗഗന്ധികം, ബകവധം, ബാലിശപഥം
5. പരിസ്ഥിതിയിൽ വരുന്ന പാളിച്ചയെ ആർ.വി. ജി മേനോൻ വിശേഷിപ്പിക്കുന്നതെങ്ങനെ
   പരിസ്ഥിതി നാശം,സാമൂഹികനില, ഭൗമികനാശം, അന്തരീക്ഷമലിനീകരണം
6. ഇവിടെയാണധ്യാത്മവിദ്യാലയം എന്നെഴുതിയ കവി?
   കുമാരനാശൻ, തിരുനയിനാർകുറിച്ചി, വള്ളത്തോൾ ജി. ശങ്കരക്കറുപ്പ്
7. മാധവിക്കുട്ടിയുടെ ആത്മകഥ
   ജീവിതപ്പാത, കഴിഞ്ഞകാലം, കൊഴിഞ്ഞഇലകൾ, എന്റെ കഥ
8. വാരാണസി നമ്മുക്കുതരുന്ന ചരിത്രപാഠം
   ത്യാഗം, ദയ, മധ്യമാർഗം, നിർവാണം

**ചേരുപടിചേർക്കുക (പദയുക്തി)**

9. —— മഞ്ഞ് -മേഘം ——
   a ഹിമം b തുള്ളി c തണുപ്പ് d വെളുപ്പ്
   1. ആകാശം 2. മഴ 3. മുകിൽ 4. മൽഹാർ
10. മലയാളത്തിലെ ഏറ്റം ബൃഹത്തായ വിവർത്തന കൃതി ഏത്?
11. ഇ കൊമേഴ്സ് നിർവ്വചിക്കുക.
12. ഏതൊക്കെ വാക്കുകൾ ചേർന്നാണ് BLOG എന്ന സംജ്ഞ രൂപപ്പെട്ടിരിക്കുന്നത്?
13. റോബർട്ട് ഫ്രോസ്റ്റ് കവിതയെ നിർവചിച്ചതെങ്ങനെ?

14. ഡിജിറ്റൽ അസമത്വം എന്നാലെന്ത്?

15. ഏതെല്ലാം വ്യവഹാരങ്ങളാണ് G2C യിൽ പെടുന്നത്.

16. ഇന്ത്യയിൽ എത്ര പോസ്റ്റൽ സോണുകളുണ്ട്?

(1 X 4=4)

ബി വിഭാഗം

ചോദ്യം 17 ഉൾപ്പെടെ ഏതെങ്കിലും അഞ്ചെണ്ണത്തിന് അരപ്പേജിൽ (അമ്പതു വാക്ക്) ഉത്തരമെഴുതുക.

17. ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് തർജ്ജമ ചെയ്യുക.

M.S. Dhoni played a responsible innings without compromising his unique batting character, at the VCA stadium on Friday. The Indian skipper arrived at a tricky situation, with India at 81 for three, and went on to make a III-ball 107, to take India to 301 for seven in the second ODI against Sri Lanka. There were contributions from Virat Kohli and Suresh Raina, who both made half-centuries.

India could manage only 125 in the first 25 overs, but made 176 in the remaining 25, thanks to the efforts of Dhoni and Raina.

The Indian skipper began with an indecisive edge off debutant off spinner Suraj Randiv, but thereafter, with the exception of a couple of chances, kept things under control. There were the elaborately executed cuts only his powerful arms could pull off and the more simplistic whacks straight down, all part of his second successive ODI century at this Ground.

അല്ലെങ്കിൽ

മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്കു പരിഭാഷ ചെയ്യുക

അവൾ റയിൽവേസ്റ്റേഷനിലെത്തുമ്പോൾ മഴ പെയ്യുന്നുണ്ടായിരുന്നു. പെട്ടെന്ന് തണുത്തകാറ്റ് വീശി. കറന്റ് പോയതുകൊണ്ടാവാം ലൈറ്റുകൾ കെട്ടു. കാറ്റും മഴയും ഇരുട്ടും കനക്കുകയാണ്. അവൾ തന്നോടു തന്നെ ചോദിച്ചു. ഇനി എന്നാണ് ഇവിടേക്കു വരാനാവുക? ഒരു പക്ഷേ അതുണ്ടായി എന്നു വരില്ല.

18. ഹൃഷികേശിൽ ഗംഗയ്ക്കു കുറുകെയുള്ള പാലത്തെക്കുറിച്ച് എഴുതുക.

19. കെട്ടിടങ്ങളെ സംബന്ധിച്ച് ഉണ്ടാകേണ്ട നിയമം എന്താണ്?

20. കുമാരനാശാന്റെ കവിത തിരുനയിനാർകുറിച്ചിയെ എങ്ങനെ സ്വാധീനിച്ചു.

21. 'അന്നും പറഞ്ഞുവത്രേ ഇങ്ങനെയൊന്നും കാട്ടരുതെന്നവനോടു പറയണം'; സന്ദർഭം വിവരിക്കുക.

22. ഓസോൺ പാളികൾ തുളയുന്നതെങ്ങനെ?

23. 'കബീറിന്റെ നാട്ടിൽ മറിച്ചു സംഭവിക്കുക അസാധ്യമാണ് - വിശദമാക്കുക.

24. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം തെറ്റുകൾ തിരുത്തി ശുദ്ധമാക്കുക.

മുഖ്യമന്ത്രി തന്റെ ഭാര്യയോടൊപ്പം ഇന്ത്യൻ എയർലൈൻസ് വിമാനത്തിൽ എയർപോർട്ടിൽ വന്നിറങ്ങി. ഏകദേശം ആയിരത്തോളം അനുയായികൾ അദ്ദേഹത്തെ കാത്തുനിന്നിരുന്നു. സിന്ദാബാദ് വിളികൾകൊണ്ടു ശബ്ദമുഖരിതമായ അന്തരീക്ഷത്തിൽ അദ്ദേഹം പുറത്തേക്കിറങ്ങിവന്നു. പെട്ടെന്ന് കതിനപൊട്ടുന്നതുപോലെ അതി ഭയങ്കരമായ ഉഗ്രസ്ഫോടനമുണ്ടായി. ജനം നാലുപാടും ചിതറി ഓടുന്നതും കരച്ചിലും കേൾക്കാമായിരുന്നു. ഭാഗ്യവശാൽ മുഖ്യമന്ത്രിക്കോ കൂടെയുണ്ടായിരുന്നവർക്കോ അപകടമൊന്നും സംഭവിച്ചില്ല. ഹോ! എന്തൊരു ശബ്ദം എന്താണുണ്ടായത് അദ്ദേഹം സെക്യൂരിറ്റി ഉദ്യോഗസ്ഥരോട് ചോദിച്ചു.

(1 X 5=5)

സി വിഭാഗം

**ചോദ്യം 25 ഉൾപ്പെടെ** ഏതെങ്കിലും നാലെണ്ണത്തിന് ഒരു പേജിൽ (നൂറ് വാക്ക്) ഉത്തരമെഴുതുക

25. താഴെ കൊടുത്തിരിക്കുന്ന പരസ്യപ്രകാരം ഒരു അപേക്ഷ തയ്യാറാക്കുക.

ആവശ്യമുണ്ട്:

രാജ്യാന്തര പ്രശസ്തിയുള്ള ഒരു സെൽഫോൺ കമ്പനി കേരളത്തിലുടനീളം പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി മാർക്കറ്റിംഗ് റെപ്രസെന്റേറ്റീവുമാരെ തെരഞ്ഞെടുക്കുന്നു. കുറഞ്ഞ

വിദ്യാഭ്യാസ യോഗ്യത ഡിഗ്രി. പ്രായം 25 ൽ കവിയരുത്. സ്വന്തം കൈയക്ഷരത്തിൽ തയാറാക്കുന്ന അപേക്ഷകൾ 15 ദിവസത്തിനകം താഴെ കാണുന്ന വിലാസത്തിൽ അയക്കുക. ജോലി പരിചയമുള്ളവർക്കു മുൻഗണന.

പ്രഭാത് അസോസിയേറ്റ്സ്

എച്ച്. ആർ. ഡിവിഷൻ

നാഗമ്പടം, കോട്ടയം.

26. ഗംഗയിലെ ദീപക്കാഴ്ച വിവരിക്കുക.

27. കൊച്ചിയിലെ പുലയ നവോത്ഥാനത്തെക്കുറിച്ചെഴുതുക.

28. ലളിതാംബിക അന്തർജനത്തിന്റെ ആദ്യകാല കഥകളിലെ പ്രമേയങ്ങൾ എന്തൊക്കെയായിരുന്നു?

29. കുടുംബ-ദാമ്പത്യ ഘടനകളോട് മാധവിക്കുട്ടി എപ്രകാരം പ്രതിഷേധിച്ചു?

30. മലയാള നാടക ചരിത്രത്തിലെ മൂന്നു പ്രധാന ധാരകളേവ?

(2 X 4=8)

ഡി വിഭാഗം

ഏതെങ്കിലും രണ്ടെണ്ണത്തിന് നാലു പേജിൽ (400 വാക്ക്) കവിയാതെ ഉത്തരമെഴുതുക.

31. ഔദ്യോഗികകത്തിന്റെ ഘടന വിവരിക്കുക.

32. ഇന്ത്യൻ ഭരണഘടനയിലെ മതേതര സങ്കല്പങ്ങളെക്കുറിച്ചെഴുതുക.

33. ഹിമാലയത്തിന്റെ അലൗകിക വിശുദ്ധിയിൽ കേദാർ നാഥിനുള്ള സ്ഥാനമെന്ത്?

(4 X 2=8)

# MAHATMA GANDHI UNIVERSITY

PRIYADARSHINI HILLS, KOTTAYAM - 686 560

# CHOICE BASED COURSE CREDIT SEMESTER SYSTEM AND GRADING

MODEL QUESTION PAPER
FOR SEMESTER II

## UNDER GRADUATE COURSES

## IN

## MALAYALAM

## 2009